
തിരുവിതാംകൂർ കൃഷിവ്യവസായമാസിക.

Vol. XVII. ൧൧൧൨ മീനം No. III



കൃഷിവ്യവസായമാസിക.

തിരുവിതാംകൂർ ഗവണ്മെൻറ് എക്കണോമിക്ക്
ഡവലപ്പ്മെൻറ് ബോർഡിൻെറ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നതു്.

വിഷയവിവരം.

തിരുവിതാംകൂർ
കൃഷിവ്യവസായമാസിക

വാല്യം 17 } തിരുവനന്തപുരം, 1112 മീനം { ലക്കം 3

തിരുവിതാംകൂറിലെ കാർഷികവൃത്തി പരാജയകാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും.

(ശ്രീമതി ബി. പാറുക്കുട്ടിഅമ്മ)

(തുടർച്ച)

നിയമങ്ങൾ മുഖാന്തിരവും ഭൂസ്വത്തുക്കളുടെ വിസ്തീർണ്ണം കുറയ്ക്കാതിരിക്കാൻ കഴിയുന്നതാണു്. പന്ത്രണ്ടേക്കറിൽ കുറയത്തക്കവണ്ണം ഭൂസ്വത്തുക്കൾ ഭാഗിക്കയോ കൈമാററംചെയ്യുകയോ പാടില്ലെന്നു ഡെൻമാർക്കിലും അഞ്ചുഫെഡാനിൽ (ഉദ്ദേശം അഞ്ചരഏക്കർ) കുറയത്തക്കവണ്ണം കൈമാററമോ ഭാഗമോ നടത്തരുതെന്നു് ഈജിപ്റ്റിലും നിയമവ്യവസ്ഥയുണ്ടു്. നിയമനിർമ്മാണം ഈമാതിരി കാര്യങ്ങൾക്കു എളുപ്പത്തിൽ കണ്ടുപിടിക്കാവുന്ന ഒരൗഷധമാണെങ്കിലും വ്യക്തികളുടെ സ്വാതന്ത്ര്യാവകാശത്തിന്റെ പ്രാഥമിക തന്ത്രികളെപ്പോലും ഉലയ്ക്കുന്ന ഇത്തരം നിയമനിർമ്മാണം ഏററവും അവധാനപൂർവം ചെയ്യേണ്ട ഒരു സംഗതിയാണു്. മാത്രവുമല്ല നിലവിലിരിക്കുന്നദൂഷ്യങ്ങളെ ഭാവിയിൽ ഇത്തരമൊരു നിയമംമൂലംമാററാൻസാധിച്ചേക്കാമെങ്കിലും സംഭവിച്ചുപോയ വൈകല്യങ്ങളെ ഒരു ഭാവിനിയമത്തിനു് ദൂരീകരിക്കാൻ സാധിക്കുന്നതല്ലെന്നും ഓർക്കണം.

ഭൂസ്വത്തു ജാമ്യബാങ്കുകൾ.

ഋണനിവാരണം, ഭൂമിസമ്പാദനം, കൃഷിപരിഷ്ക്കരണം—എന്നിത്യാദികൾക്കുള്ള ദീർഘകാലവായ്പകൾകൊടുക്കുന്നതിനു ഭൂസ്വത്തുജാമ്യബാങ്കുകളെപ്പോലെ പററിയ സ്ഥാപനങ്ങൾ വേറൊന്നുമില്ല. ഇത്തരം സ്ഥാപനങ്ങൾ ജനങ്ങളാൽത്തന്നെ സ്ഥാപിക്കാവുന്നവയുമാണു്. ജർമ്മനിയിലെ മികച്ച ഭൂസ്വത്തുജാമ്യബാങ്കുകളായ Bavarian Agricultural Bank, Dresden Agricultural Credit Association—ഈ രണ്ടു സ്ഥാപനങ്ങളും ജനകീയമാണു്. ഗവർമ്മെന്റു സഹായത്തോടെ നമ്മുടെ നാട്ടിലും ഈദൃശസംരംഭങ്ങൾ ആരംഭിക്കാവുന്നതാണു്.

ഇവിടെ ഒരുഭൂസ്വത്തുജാമ്യബാംകുണ്ടെങ്കിലും അതിൽനിന്നുകർഷകൎക്കു വേണ്ടത്ര സഹായം ലഭിക്കുന്നുണ്ടോ എന്നു സംശയമാണു്. ഈ അവസരത്തിൽ ഭൂസ്വത്തുജാമ്യബാംകുകളുടെ പ്രായോഗികപദ്ധതിയിൽ നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം നിരവധിവൈഷമ്യങ്ങൾ ഉണ്ടെന്നുള്ള കാൎയ്യവും വിസ്മരിച്ചുകൂടാത്തതാകുന്നു. ഭൂമിയുടെ ജാമ്യത്തിന്മേലാണല്ലോ ഇത്തരം സ്ഥാപനങ്ങൾ വായ്പകൾഅനുവദിക്കുന്നതു്. ഇവിടെയ കൂട്ടെ കൂട്ടുകുടുംബാവകാശം ഇപ്പോഴും ചിലെടത്തു നിലനിന്നുവരുന്നതുകൊണ്ടു്, മിക്കഭൂമിയിലും വായ്പക്കാരനു് തൽക്കാതീതമായ അവകാശമില്ല. അതുംപോരാഞ്ഞിട്ടു്, സർവ്വെ, കണ്ടെഴുത്തു്, പട്ടാദാനം—മുതലായസംഗതികളിൽ ഗവൎമ്മെൻറിനുതന്നെയും പററിയിട്ടുള്ള പിശകുകൾ വ്യക്തികളുടെ അവകാശങ്ങളെ കൂടുതൽ സംശയകരമാക്കുന്നുണ്ടുതാനും. ഭൂമിയിന്മേലുള്ള ബാദ്ധ്യതകൾ എന്തെല്ലാമെന്നറിയുന്നതിനും സാരമായ വൈഷമ്യങ്ങളുമുണ്ടു്.

ഈ വൈഷമ്യങ്ങൾക്കൊക്കെ ഒരു പരിഹാരം നിർദ്ദേശിക്കാൻ സാധിക്കും. ആസ്ട്രേലിയായിലെ "Torrens System" പോലെ ഓരോ സ്ഥാവരവസ്തുവിൻെറയും വിസ്തീൎണ്ണം, എല്ലുക, പേരു്, ഉടമസ്ഥത, അതാതുകാലത്തുണ്ടാകുന്ന ബാദ്ധ്യതകൾ, കരം, മിച്ചവാരം, അതാതുകാലത്തെ കൈമാററങ്ങൾ—എന്നിത്യാദി സകലവിവരങ്ങളും രേഖപ്പെടുത്തിയ ഒരവകാശരജിസ്റ്റർ നിർബ്ബന്ധമായി സൂക്ഷിക്കുന്നതിനു വ്യവസ്ഥചെയ്താൽ മുൻചൊന്ന വിഷമങ്ങളിൽ പകുതിയിലധികവും നീങ്ങുന്നതാണു്

അതുപോലെതന്നെ ജാമ്യഭൂമിയുടെ മൂല്യപരിഗണനയിൽ (Valuation) സ്പഷ്ടവും വ്യക്തവുമായ വ്യവസ്ഥകൾ രൂപീകരിക്കേണ്ടതും, കാർഷികാവശ്യങ്ങൾക്കൊഴികെ മറെറാന്നിനും വായ്പകൾ അനുവദിക്കയില്ലെന്നു നിഷ്കൎഷവെക്കേണ്ടതും, വായ്പ വേണ്ടവിധം വിനിയോഗിക്കുന്നുണ്ടോ എന്നറിയാൻ വേണ്ട നിയന്ത്രണങ്ങൾ ഉണ്ടാക്കേണ്ടതും അവശ്യം ചെയ്യേണ്ടുന്ന സംഗതികളാണു്.

ഗാർഹികവ്യവസായം.

ഇന്നത്തെ ഒരു സാധാരണ കൎഷകനു് വൎഷത്തിൽ ചില കാലങ്ങളിൽ മാത്രം ജോലിപ്രദാനംചെയ്യുന്ന കാർഷികവൃത്തികൊണ്ടു കാലയാപനം ചെയ്യാൻ സാദ്ധ്യമല്ലാതെ വന്നിട്ടുണ്ടു്. ബാക്കിയുള്ള കാലങ്ങളിൽ ആദായകരമായ മാൎഗ്ഗങ്ങളിൽ പ്രവൎത്തിക്കുവാൻ അയാൾ ശ്രദ്ധിക്കേണ്ടതാണു്. തിരുവിതാംകൂറിലാണെങ്കിൽ കർഷകൎക്കു് പ്രയോജനപ്രദമാംവണ്ണം തൊഴിലിലേൎപ്പെടാവുന്ന പലേഗാർഹികവ്യവസായങ്ങളുമുണ്ടു്. "തിരുവിതാംകൂറിലെ വ്യവസായങ്ങ"ളെപ്പററി രചിയ്ക്കുന്ന മറെറാരു ലേഖനത്തിൽ ഇവയെപ്പററി സവിസ്തരം പ്രതിപാദിക്കുന്നതാണു്.

കാർഷികസഹകരണം.

കാർഷികവൃത്തിയെപ്പററി ഉപന്യസിക്കുമ്പോൾ അതിനോടേററവും അടുത്തുബന്ധമുള്ളതും അതിനെ നാനാതരത്തിൽ സഹായിക്കുന്നതുമായ പരസ്പരസഹായ

സംഘത്തിൻെറ സാദ്ധ്യതകളെപ്പററി പ്രത്യേകം എടുത്തു പറയേണ്ടതാകുന്നു. കർഷകനുള്ള അവശതകളിൽ എഴുപത്തഞ്ചുശതമാനവും ശരിയായി നടത്തപ്പെടുന്ന കാർഷികസഹകരണസംഘങ്ങളിൽ പരിഹരിക്കത്തക്കതേയുള്ളു. ഇത്തരം സംഘങ്ങൾക്ക് പലപ്രകാരത്തിലും കർഷകനെ സഹായിക്കാൻ സാധിക്കും. നാണ്യസംഘങ്ങൾ (Coperative Credit Societies) ഋണദാനംചെയ്തും മൊത്തവ്യാപാരസംഘങ്ങൾ ഉൽപ്പന്നങ്ങൾ മൊത്തത്തിൽ വിററ് ഇടലാഭക്കാരൻെറ ചൂഷണത്തെ നശിപ്പിച്ചും, സംഭരണസംഘങ്ങൾ കൃഷിക്കാക്കാവശ്യമുള്ള സാധനസാമഗ്രികൾ ലാഭത്തിനു മൊത്തത്തിൽ വാങ്ങി വിതരണംചെയ്തും കൂട്ടുകൃഷിസംഘങ്ങൾ ഒത്തൊരുമിച്ചു കൃഷിചെയ്തു ലാഭംസമ്പാദിച്ചും, വ്യവസായസംഘങ്ങൾ കൃഷിപരമായ വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ചും, രക്ഷാഭോഗസംഘങ്ങൾ പൊതുവെ വിളവുകൾക്കും കന്നുകാലിജന്തുക്കൾക്കും വരുന്ന നാശം മൂലമുള്ള നഷ്ടത്തെ പരിഹരിച്ചും,— ഇപ്രകാരം നാനാപ്രകാരേണയും സഹകരണസംഘങ്ങൾക്ക് നാട്ടിൻെറ നട്ടെല്ലായ കർഷകനെ സഹായിക്കാൻ സാധിക്കുന്നതാണ്.

കാർഷികപ്രബോധനം.

സിദ്ധാന്തപ്രചരണങ്ങളോടൊരുമിച്ചുതന്നെ പ്രായോഗികപരിശീലനവും നടക്കണമെന്നുള്ളതാണ് ഇതു സംബന്ധിച്ച് എനിക്കു നൽകുവാനുള്ള അതിപ്രധാനമായ നിർദ്ദേശം. നമ്മുടെ രാജ്യത്ത് വൃഥാസിദ്ധാന്തികൾ (Theorists) ആവശ്യത്തിൽ കവിഞ്ഞുണ്ട്. ഇവരെക്കൊണ്ടു നാട്ടിനു വലിയപ്രയോജനമൊന്നുമില്ല. കാർഷികകലാലയങ്ങൾ സ്ഥാപിച്ചും, കൃഷി ഒരു നിർബന്ധവിഷയമായി അഭ്യസിപ്പിച്ചും, മാസികകൾ പുസ്തകങ്ങൾ ലഘുലേഖകൾ മുതലായവ പ്രസിദ്ധീകരിച്ചും പ്രചരണജോലിചെയ്തും കാർഷികപ്രബോധനം വേണ്ടപോലെ നടത്താവുന്നതാണ്. പഞ്ചാബിൽ Gakhar എന്ന സ്ഥലത്തു നടത്തിവരുന്ന കാർഷികവിദ്യാലയം പലതുകൊണ്ടും ഈ വിഷയത്തിൽ മാതൃകാപരമായ ഒന്നാണ്.

കാർഷിസംഘടന.

എല്ലാററിലുമുപരിയായി സംഘടനയാണു വേണ്ടത്. രാഷ്ട്രത്തിലെ ഏതൊരു താല്പര്യവും പുരോഗതി പ്രാപിക്കണമെങ്കിൽ മുഖ്യമായി വേണ്ടത് സംഘടനയാണ്. സംഘടന എന്നാൽ 'ശക്തി', 'അധികാരം' എന്നൊക്കെയാണർത്ഥം. സംഘടനകൊണ്ട് എത്ര ദുർബലന്മാക്കും ബലവാന്മാരാകാൻ കഴിയും.

"അസാധനാ, വിത്തഹീനാ,
ബുദ്ധിമന്തസ്സുഹൃത്തമാ
സാധയന്ത്യാശുകാര്യാണി
കാകകൂർമ്മമൃഗാഖുവാത്"

(മൂലധനവും ഉപകരണവും ഇല്ലെങ്കിലും, വിശേഷബുദ്ധിയും സൗഹാർദ്ദവുമുണ്ടെങ്കിൽ ജനങ്ങൾക്ക് കാകാദികളെപ്പോലെ കാര്യങ്ങൾ സാധിക്കാവുന്നതാകുന്നു.)

എന്ന ഹിതോപദേശവാക്യം ഈ തത്വത്തെയാണ് പ്രസ്പഷ്ടീകരിക്കുന്നതു്.

കാർഷികസംഘടനയ്ക്കു് ഇതരസംഘടനകളെ അപേക്ഷിച്ചു് പ്രത്യേകമൊരു മെച്ചമുണ്ടുതാനും. ജാതിമതാദിവലയങ്ങൾക്കതീതമായി രാജ്യത്തിലെ അതിപ്രധാനമായ ഒരു താല്പര്യത്തെ സംരക്ഷിക്കാനുള്ള ഒരു സംഘടനയെ സംബന്ധിച്ചു് ഒരുത്തർക്കും പരാതിക്കോ മുറുമുറുപ്പിനോ അവകാശമില്ല. എളിയ ഒരുക്കൂട്ടരുടെ പ്രാതിനിദ്ധ്യംവഹിക്കുന്നസംഘടനയാകയാൽ നായകസ്ഥാനത്തിനും നേതൃത്വസ്ഥാനത്തിനുമായുള്ള അടിപിടിയും ലഹളയുമൊക്കെ താരതമ്യേന കുറവായിരിക്കയുംചെയ്യും.

സംഘടനാപരമായി തിരുവിതാംകൂറിലെ കർഷകരുടെയിടയിൽ ഈയിടെയായി ഒരുണർവു് കാണുന്നുണ്ടെന്നുള്ളതു് ചാരിതാർത്ഥ്യജനകംതന്നെ. വിപുലവും ബഹുലവുമായ കാര്യപരിപാടികൾ വിവരിച്ചുകൊണ്ടുള്ള തിരുവിതാംകൂർ കർഷകസമാജം കൂട്ടമെമ്മോറാണ്ഡം ഈയിടെ പ്രസിദ്ധീകരിക്കയുണ്ടായല്ലോ. പ്രസ്തുത സംരംഭം വിജയപ്രദമാകുന്നപക്ഷം കർഷകരുടെ പല അവശതകളും ഇല്ലാതാകുന്നതാണു്.

വിസ്തരഭയത്താൽ കാർഷികാഭിവൃദ്ധിക്കു് നിദാനങ്ങളായ ചില നിർദ്ദേശങ്ങൾ ഏററവും സംക്ഷിപ്തരൂപത്തിൽ സൂചിപ്പിക്കുക മാത്രമേ ഈ ലേഖനത്തിൽ ചെയ്തിട്ടുള്ളു. ഇവയെ ഓരോന്നിനേപ്പററിയും ഓരോ ദീർഘലേഖനങ്ങൾ എഴുതാവുന്നതാണു്. ഇവ ഓരോന്നും പൊതുജനങ്ങളുടേയും ഗവർമ്മെൻറിൻേറയും ഗാഢമായ ശ്രദ്ധയ്ക്കു് വിഷയീഭവിപ്പിക്കുക മാത്രമേ ഈ ലേഖനംകൊണ്ടുദ്ദേശിക്കുന്നുള്ളു.

സ്ത്രീകളും ചെറുതരം കുടിൽവ്യവസായങ്ങളും.

(എസ്. എ. പിള്ള, ചടയമംഗലം)

ഗൃഹഭരണവും ശിശുസംരക്ഷണവുമാണു് സ്ത്രീജനങ്ങളുടെ പ്രധാനമായ ജോലികളെങ്കിലും അവർക്കുസൌകര്യപ്രദമായ എന്തെങ്കിലുംകുടിൽവ്യവസായങ്ങൾകൂടി നടത്തി നമ്മുടെ അഭിമാനത്തെ പരിപാലിക്കാൻ പാടില്ലെന്നാരും വാദിക്കയില്ലല്ലോ. ഒരു ഗൃഹത്തിലെ സകല ആവശ്യങ്ങളും ക്ലേശംകൂടാതെ നിറവേററത്തക്കവണ്ണം തൊഴിൽചെയ്തു ധനംസമ്പാദിക്കുന്നേ ഗൃഹനാഥനെ കുടുംബസംരക്ഷണവിഷയത്തിൽ നിഷ്കളങ്കം സഹായിക്കുന്നതിനു് സ്ത്രീകളും കടപ്പെട്ടവരാണെന്നു പറയുന്നതിൽ തെററില്ലെന്നാണെനിക്കുതോന്നുന്നതു്.

ഒരു ഗൃഹത്തിലെ ജോലികൾ മുഴുവൻ കഴിഞ്ഞു് നമ്മുടെ സഹോദരിമാൎക്കു് വിശ്രമത്തിനു കിട്ടുന്നസമയം പക്ഷേ തീരെ ചുരുക്കമായിരിക്കാം. ഗൃഹജോലികളെ ശരിയായവിധം അടുക്കി നിയന്ത്രിക്കാത്തതാണിതിനുകാരണമെന്നു തീൎത്തുപറയാം. സ്വാശ്രയശക്തി ന്യായമായി വളൎത്തുന്നതിനും, മനസ്സിനും ദേഹത്തിനും ഉന്മേഷവും ആരോഗ്യവും വൎദ്ധിക്കുന്നതിനും, അവരവൎക്കു സൗകൎയ്യപ്രദമായ എന്തെങ്കിലും തൊഴിലിൽ ദിവസേന കുറച്ചുസമയം ഏൎപ്പെടുന്നതു് വിലയേറിയ സമയത്തെ വൃഥാ വ്യയംചെയ്യാതിരിക്കുന്നതിനും ആദായത്തിനും ഐശ്വൎയ്യത്തിനും കാരണമായിത്തീരുന്നതാണു്. വീട്ടിൽ വളരുന്ന കുഞ്ഞുങ്ങൾക്കു് സദാ വീട്ടിൽത്തന്നെ കഴിഞ്ഞുകൂടുന്ന അമ്മമാരെയാണു് കൂടുതലായി അനുകരിക്കാൻ കഴിയുന്നതു്. ഈ നിലയ്ക്കു് കുഞ്ഞുങ്ങളുടെ ഭാവിജീവിതത്തിൽ ഉത്സാഹപൂൎവ്വമായ കാലക്ഷേപമാൎഗ്ഗം തെളിച്ചു കൊടുക്കുന്നതിനും പിതാവിനേക്കാൾ മാതാവിനു സാധിക്കുന്നതാകുന്നു.

സ്കൂളിൽപ്പോകുന്ന കുഞ്ഞുങ്ങൾക്കു് വൈകിട്ടു് വീട്ടിൽവന്നാൽ സന്ധ്യവരെയുള്ള വിശ്രമസമയം ജീവിതമാൎഗ്ഗോപകാരപ്രദമായ തൊഴിലുകളിൽ അഭ്യാസംനല്കുന്നതിനു് വിനിയോഗിക്കുന്നപക്ഷം അതു് അവരുടെ ഭാവിജീവിതത്തെ ലഘൂകരിച്ചു് ആനന്ദംനല്കുന്നതിനു് പൎയ്യാപ്തമായിരിക്കുമെന്നാണെന്റെ വിനീതാഭിപ്രായം. പലവിധമായ മനോവികാരങ്ങളെ ദൂരെ ത്യജിച്ചു് ആവശ്യമായ കാൎയ്യങ്ങളിൽ ഏകാഗ്രചിത്തരായി പ്രവൎത്തിക്കുന്നതിനു തക്ക പരിചയവും ഈ വഴിക്കു ലഭിക്കുന്നതാണു്. ദുഷ്കാൎയ്യങ്ങളിൽ മനസ്സു് പ്രവൎത്തിക്കാതിരിക്കുന്നതിനും കാരണമായിഭവിക്കും. വിശിഷ്യാ ഏകാഗ്രത, പ്രകൃതിനിരീക്ഷണം, സ്വാശ്രയശീലം, പ്രവൃത്ത്യാസക്തി, ശ്രദ്ധ, തന്മയത്വം, ഉത്സാഹം, ഈശ്വരവിശ്വാസം മുതലായി സൎവ്വപ്രധാനമായ സൽഗുണങ്ങൾ പൂൎണ്ണമായിതീരുന്നതിനും ഈ പന്ഥാവു് ഒരു പ്രത്യേക മാൎഗ്ഗദൎശിയായിരിക്കുമെന്നുള്ളതിൽ സംശയിക്കേണ്ടതില്ല.

സൗകൎയ്യപ്രദമായും പ്രയാസംകൂടാതേയും നടത്താവുന്ന കുടിൽവ്യവസായങ്ങൾ അനവധിയുണ്ടെങ്കിലും, എന്റെ ഈ ലേഖനത്തിനു വിഷയമാക്കുന്നതു് നമ്മുടെ പ്രധാന ജീവിതമാൎഗ്ഗത്തിനാധാരമായ കൃഷിയോടു സംബന്ധമുള്ള ചിലവയെപ്പററി മാത്രമാകുന്നു. കോഴിവളൎത്തൽ, കന്നുകാലിസംരക്ഷണം, പാനെയ്ത്തു്, വസ്ത്രംനെയ്ത്തു്, ഈററകൊണ്ടും ചൂരൽകൊണ്ടുമുള്ള ചെറുവ്യവസായങ്ങൾ, സോപ്പുനിൎമ്മാണം തുടങ്ങി അനേകം കുടിൽവ്യവസായങ്ങൾ സ്ത്രീകൾക്കു നടത്താവുന്നവയായി ഉണ്ടു്. അവ ഓരോന്നിനെപ്പററിയും യഥാവസരങ്ങളിൽ പ്രതിപാദിച്ചുകൊള്ളാം.

കൃഷിയും വ്യവസായവും ദേഹമനസ്സുകളെപ്പോലെ പരസ്പരം ബന്ധപ്പെട്ടതാണെന്നും, വ്യവസായത്തിന്റെ കലൎപ്പില്ലാതെ കൃഷിക്കൊരു പരിപൂൎണ്ണത വരുന്നില്ലെന്നും, കൃഷിയുടെ യഥാൎത്ഥാദായം ലഭിക്കുന്നതിനു് കൃഷിക്കാരൻ ഒരു വ്യവസാ

യതല്ലരൻകൂടി ആയിരിക്കണമെന്നും, എൻെറ മുൻലേഖനത്തിൽ വ്യക്തമാക്കിയിരുന്നതു വായനക്കാർ ഓർക്കുന്നുണ്ടായിരിക്കുമല്ലോ. പ്രധാന കൃഷികൾ ഗൃഹനാഥൻെറ ചുമതലയിൽ മംഗളപൂർവ്വം നിർവ്വഹിക്കട്ടെ. അതിനെ തുടർന്ന് വീട്ടിലെ സ്ത്രീകളും കുഞ്ഞുങ്ങളും മാത്രം സഹകരിച്ച് ഒരു മലക്കറിത്തോട്ടം ഉണ്ടാക്കി അതിൽ കഴിയുന്നത്ര ഉത്സാഹമായി പ്രവർത്തിച്ച് നല്ല ആദായത്തിനുമാർഗ്ഗമുണ്ടാക്കേണ്ടതാണ്. ഇതു് കൂടുതൽ ആദായകരവും വീട്ടിനു അത്യാവശ്യവുമത്രേ. ആവശ്യത്തിനുതക്കവണ്ണം വീട്ടിനോടു കഴിയുന്നതും സമീപിച്ച് ഇതിലേയ്ക്കായി കുറേസ്ഥലം എടുത്ത് ശരിയായവിധം വേലികെട്ടി കിളച്ച് നിരപ്പുവരുത്തി പല തട്ടുകളായി ഭാഗിച്ച് ഓരോന്നിലും ഓരോ സാധനങ്ങൾ കൃഷിചെയ്യണം. കൂലിആളിൻെറ സഹായം പോലും അർത്ഥിക്കാതെ സ്വയമായി ഈ തോട്ടജോലി മുഴുവൻ നിർവ്വഹിക്കുന്നതാണുത്തമം.

ഈ തോട്ടങ്ങളിൽ അല്പമായി മരച്ചീനി, നാരകം, വാഴ, പച്ചമുളക്, വെണ്ട, കത്തിരി, വഴുതന, കുവരക് എന്നിങ്ങനെ നാട്ടുമ്പുറത്തെ മിക്കവാറും സാധനങ്ങൾ ഭംഗിയായി കൃഷിചെയ്യേണ്ടതാകുന്നു. ഇവ വീട്ടുവകയായിരിക്കുന്നതിനു പുറമേ അവകാശികൾ അവിടത്തെ സ്ത്രീകളും കുഞ്ഞുങ്ങളും മാത്രമായിരിക്കേണ്ടതുമാണ്. ദിവസംപ്രതി രണ്ടുമണിക്കൂർനേരം തോട്ടജോലികളിൽ ഏർപ്പെടത്തക്കവണ്ണം മാന്യസഹോദരിമാർ അവരുടെ ഗൃഹജോലികളെ ക്രമമായി അടക്കി നിയന്ത്രിക്കണമെന്നുള്ളതാണ് ഒന്നാമതായി ചെയ്യാനുള്ളതു്. അനുസ്യൂതമായ പ്രയത്നമാണ് സകല പ്രവൃത്തികൾക്കും വിജയത്തെ പ്രദാനംചെയ്യുന്നതു്. വെളുപ്പാൻകാലംമുതൽ പത്തുനാഴികയിരുട്ടുന്നതുവരെ അടുക്കളയിൽത്തന്നെ കഴിഞ്ഞുകൂടുന്ന നയം നമുക്കു യോജിച്ചതല്ല. അതു മടിയുടെ പ്രധാനലക്ഷണമത്രേ. വൈകിട്ടു നാലുമണിക്കുമുൻപായി ചുമതലപ്പെട്ട സകല പതിവു ഗൃഹജോലികളും നിർവ്വഹിച്ചുകഴിഞ്ഞെങ്കിലല്ലാതെ എന്തെങ്കിലും ചെറുവ്യവസായങ്ങളിൽകൂടി നമ്മുടെ മനസ്സു ചെലുത്തി പ്രവർത്തിക്കുന്നതിന് സാധ്യമല്ല. നമുക്കതിനു കഴിയുമെന്നിരിക്കെ അതിലേയ്ക്കൊരുമ്പെടാതെ വെറും അലസതയിൽ കഴിഞ്ഞുകൂടിപ്പോകുന്നതു് അഭിമാനമല്ല.

ഇനി തോട്ടത്തേയും അതുമൂലം നടത്താവുന്ന ചെറുവ്യവസായങ്ങളേയുംകുറിച്ച് സംക്ഷിപ്തമായി പ്രസ്താവിച്ച് എൻെറ ലേഖനത്തെ പര്യവസാനിപ്പിക്കാം.

തോട്ടം കാഴ്ചയ്ക്കുതന്നെ വളരെ മനോഹരമായിരിക്കണം. ഓരോതരം കൃഷികളും ഓരോ തട്ടുകളിൽ നടത്തണം. ഓരോ തട്ടുകളുടേയും അതൃത്തിവരമ്പുകൾ പുൽക്കട്ട അടുക്കി ഭംഗിപിടിപ്പിക്കണം. മിക്കവാറും ജലസൗകര്യമുള്ള സ്ഥാനത്തോടടുത്തു് തോട്ടം നിർമ്മിക്കുന്നതു് നന്നായിരിക്കും. വേനൽക്കാലങ്ങളിലും മററും വെള്ളം കോരുന്നതിന് കുഞ്ഞുങ്ങളെ പ്രത്യേകം ചുമതലപ്പെടുത്തണം. കുട്ടികൾക്കു് കോരിയെ

ടുക്കത്തക്ക ജലാശയങ്ങളല്ലെങ്കിൽ ഒരു വലിയ പാത്രത്തിൽ വെള്ളം കോരിവച്ചുകൊടുക്കണം. കുഞ്ഞുങ്ങൾ ചെറുപാത്രങ്ങളിൽ കോരി എടുത്തു തോട്ടത്തിൽ കൊണ്ടു ചെന്നു് ഒഴിക്കത്തക്കവണ്ണം നിഷ്കർഷിക്കണം. ഓരോതരം കൃഷികൾക്കും അനുയോജ്യമായ വളം ആവശ്യംപോലെ ചേക്കേണ്ടതു് വിളവിന്റെ തന്മയത്വത്തിനും നന്മയ്ക്കും അത്യന്താപേക്ഷിതമാകുന്നു. വിളവെടുക്കുന്നതും ശരിയായി പാകമായിട്ടു ആയിരിക്കാവൂ. എങ്കിൽ മാത്രമേ സാധനങ്ങൾക്കു് മതിപ്പും തക്കവിലയും ലഭിക്കയുള്ളു. ഈ ചെറുതോട്ടംമൂലം ഉണ്ടാകുന്നപ്രയോജനങ്ങൾ വിപുലങ്ങളുമാണു്. ഒന്നാമതായി വീട്ടിലെ ആവശ്യത്തിനു് വേണ്ടിടത്തോളം മലക്കറി സാധനങ്ങൾ സുലഭങ്ങളായിതീരുന്നു. ദിവസേനയോ, ചന്തതോറുമോ ഇതിലേക്കായി നാം ദുർവ്യയം ചെയ്യുന്ന തുക ലാഭപ്പെടുന്നു. രണ്ടാമതു് നമ്മുടെ ആവശ്യം കഴിഞ്ഞുള്ള സാധനങ്ങൾ അടുത്തുള്ള ചന്തകളിൽ കൊടുത്തയച്ചു് തക്കവിലയ്ക്കു വിററു് ആദായമുണ്ടാക്കാൻ സാധിക്കുന്നു. ഈ ആദായം സ്ത്രീകളുടെ സ്വന്തപ്രയത്നത്താലുണ്ടാകുന്നതിനാൽ അവരുടെ സ്വന്തം കരുതൽ ധനമായി സ്വരൂപിക്കാവുന്നതാണല്ലോ. വിളവായി കിടക്കുന്ന നിലങ്ങളിൽ, കരം കൊടുക്കാത്തതു നിമിത്തം അധികാരികൾ കൊടിതൂക്കി സങ്കടപ്പെടുത്തുമ്പോൾ ആ വിഷമം തീക്കുന്നതിനായി വയലിലെ നെല്ലുകാണിച്ചു് വല്ല ദല്ലാലികളോടും അയാൾ കല്പിക്കുന്ന വില സമ്മതിച്ചു് കൊയ്യുമ്പോൾ കൊടുത്തുകൊള്ളാമെന്നുള്ള കരാറിന്മേൽ പണം കടംവാങ്ങി ഒടുവിൽ നഷ്ടപ്പെടുന്ന സമ്പ്രദായം നമ്മുടെ ഉൾനാട്ടിൽ പലയിടത്തും നടപ്പായിട്ടുണ്ടു്. അല്ലെങ്കിൽ ആഭരണങ്ങൾ കൂടിയപലിശയ്ക്കു പണയപ്പെടുത്തി കടംവാങ്ങി കരം കൊടുത്തു വിഷമത്തിൽനിന്നും ഒഴിയാൻ നാം നിർബന്ധിതരായിരിക്കുന്നു. ഇവ എത്രമാത്രംനഷ്ടത്തിനധീനമാണെന്നു് സ്വല്പം ആലോചിച്ചാൽ മനസ്സിലാകുന്നതാണു്. ഇങ്ങനെയുള്ള വിഷമഘട്ടങ്ങളിൽ സ്ത്രീ ജനങ്ങളുടെ സ്വാശ്രയപരിശ്രമത്തിൽ നിന്നും ഉണ്ടായികരുതൽ ധനമായി സൂക്ഷിച്ചിരിക്കുന്നപണം എത്രമാത്രം ഗൃഹനാഥന് പ്രയോജനപ്രദമായി ഭവിക്കുമെന്നു് എടുത്തു പറയേണ്ടതില്ലല്ലോ. ഇങ്ങനെയുള്ള സമ്പാദ്യങ്ങളെ സൂക്ഷിച്ചു സ്വരൂപിച്ചാൽ ഏതാനുംവർഷത്തിനുള്ളിൽ ഒരു നല്ലതുകയായി സ്ത്രീകളുടെ സ്വന്തംവകയായി പെട്ടിയെ അലങ്കരിക്കുമെന്നുള്ളതിൽ സംശയിക്കേണ്ടതുമില്ല. ഇതെത്ര അഭിമാനത്തിനും ആഹ്ലാദത്തിനും മനസ്സമാധാനത്തിനും ഐശ്വര്യത്തിനും നിദാനമാണെന്നു് ചിന്തിച്ചു നോക്കുക!!

അടുത്തതായി ഈ മലക്കറിതോട്ടം വഴി വലിയപ്രയാസം കൂടാതെ നടത്താവുന്ന ചെറുവ്യവസായങ്ങൾ എന്തെല്ലാമെന്നുകൂടി പര്യാലോചിക്കാം:—

ചെറുനാരങ്ങാ, മററുതരം നാരങ്ങകൾ, മാങ്ങാ, ഇഞ്ചി, മുളകു് മുതലായവ കൊണ്ടു വളരെക്കാലം രുചിപ്രദമായിരിക്കത്തക്ക ഒന്നാംതരം ഉപ്പിലിട്ടതു (ഊറുകാ)

കൾ നിർമ്മിക്കാവുന്നതാണു്. ഇപ്പോഴും കടകളിൽ നാരങ്ങാ ഉപ്പിലിട്ടതു വാങ്ങാൻ കിട്ടുന്നുണ്ടു്. അവ ഊഴിയം നടത്തിയ ഉപ്പിലിട്ടതുകളാണെന്നല്ലാതെ ശരിയായി പാകപ്പെടുത്തിയവയായിരിക്കയില്ല. എന്നാൽ അതിനേക്കാൾ വീര്യവും സ്വാദും കൂടുതലുള്ള ഉപ്പിലിട്ടതുകൾ ഉണ്ടാക്കി അതിലേക്കു തക്ക പാത്രങ്ങളിൽ ആക്കി ഉചിതമായ ലേബിളുകളും ഒട്ടിച്ചു് ദൂരസ്ഥലങ്ങളിലയച്ചു് വില്പനനടത്തി കൂടുതൽ ആദായം വരുത്തുവാൻ സാധിക്കുന്നു. മരച്ചീനി, ചീനിഅവരയ്ക്കാ, വഴുതനങ്ങാ, പാവയ്ക്കാ, കത്തിരിക്കാ മുതലായവകളാൽ വററലുകളും വടകങ്ങളും നിർമ്മിച്ചു് പാക്കററുകളിലടക്കംചെയ്തു വിവരണലേബിളുകളും പുറമെ ചുററി വിദേശങ്ങളിലയച്ചു് വില്പനനടത്തണം. അതുപോലെതന്നെ നേന്ത്രക്കാ തൊലിപോക്കി അരിഞ്ഞുണക്കി മാവായോ കുഴച്ചുരുട്ടി വില്ലകളാക്കിയോ പ്രത്യേകപാത്രങ്ങളിലാക്കി വിദേശങ്ങളിലയയ്ക്കാം. കൂവരകു് മാവാക്കി കലക്കിഅരിച്ചു് ഉമിപോക്കി ഉണക്കി മാവാക്കിയോ കുഴച്ചു് ബിസ്കററുപോലെ പരത്തിഉണക്കിയോ തക്കപാത്രങ്ങളിലാക്കി വില്പനനടത്താം. ഇതുരണ്ടും കുഞ്ഞുങ്ങൾക്കെന്നല്ലാ എല്ലാവർക്കും ആരോഗ്യദായകമായ ആഹാരപദാർത്ഥമാകുന്നു. മെല്ല്യൻസ്ഫുഡ്, ക്വാക്കർ ഓട്സ് മുതലായ വിദേശാഹാരപദാർത്ഥങ്ങൾക്കു് നാംവലിയവിലകൊടുത്തു വാങ്ങിവരുന്നുണ്ടല്ലോ അതിനോടുസാമ്യമുള്ള ഗുണത്തോടുകൂടിയ നമ്മുടെ ഈ ആഹാരപദാർത്ഥങ്ങളെ അതേ രൂപത്തിൽ തകരപ്പാത്രങ്ങളിലാക്കി നല്ലലേബിളുകളും ഒട്ടിച്ചു് വിദേശത്തയച്ചാൽ ശരിയായ ആദായം ലഭിക്കുമെന്നുള്ളതു് തർക്കമററസംഗതിയത്രേ. പഴുത്ത നേന്ത്രയ്ക്കാവളരെക്കാലം കേടുകൂടാതെ ഏററവും രുചിപ്രദമായിരിക്കുന്ന വറട്ടുവാഴയ്ക്കായായി പാകപ്പെടുത്തി വിദേശങ്ങളിലയച്ചാൽ അതിനോടു് സ്നേഹം തോന്നാത്തതാർക്കാണു്? (ഇവയുടെ എല്ലാം പാകരീതികൾ എന്റെ "പാചകകല"യിൽ വിശദമായി വിവരിച്ചിട്ടുണ്ടു്.) ഇതുപോലെ പല മലക്കറിസാധനങ്ങളേയും അല്പം ശ്രമംചെയ്തു് പലതരത്തിൽ രൂപാന്തരപ്പെടുത്തി കൂടുതൽ വിലകിട്ടുന്നസ്ഥലങ്ങളിലയച്ചു ആദായമുണ്ടാക്കാവുന്നതാണു്. ഓരോന്നും അതു് അപൂർവ്വമായ സ്ഥലങ്ങളിൽ വിലയുള്ള സാധനങ്ങളായിരിക്കും. ഇപ്രകാരം കുടിൽ വ്യവസായത്തെ കഴിയുന്നതു പോഷിപ്പിക്കാൻ അവരവരാൽ വേണ്ടതുപോലെ പ്രയത്നിക്കേണ്ടതാവശ്യമാകുന്നു. ഇതിലേക്കു തക്ക കുറെ പാത്രങ്ങളും വിവരണം നൽകുന്ന കുറേ ലേബിളുകളും കൂടിയുണ്ടെങ്കിൽ വിദേശത്തു നിന്നു് ഇറക്കുമതിചെയ്തുവരുന്ന സാധനങ്ങളോളം മതിപ്പും, വിലയും, അഭിമാനവും കൂടുതലുണ്ടായിരിക്കുമെന്നാണെന്റെ വിശ്വാസം. ഇവയ്ക്കൊന്നും യന്ത്രസഹായമോ പുരുഷസഹായമോ ആവശ്യമില്ലെന്നു് കാണാവുന്നതാണു. കുടിൽ വ്യവസായങ്ങൾ മനസ്സിനു് ഉല്ലാസത്തെ നൽകുന്നു. ദാരിദ്ര്യത്തെ ഇല്ലായ്മചെയ്യുന്നു. അഭിമാനത്തെ കാത്തുരക്ഷിക്കുന്നു. അതിനാൽ എല്ലാ സഹോദരിമാരും അവരവരാൽ കഴിയുന്നവിധത്തിൽ ചെറുവ്യവസായങ്ങളിൽകൂടി ഏർപ്പെട്ടു് കുടിൽവ്യവസായത്തെ പരിപുഷ്ടമാക്കേണ്ടതു് ഓരോരുത്തരുടേയും കടമമാത്രമാകുന്നു.

നവ്യങ്ങളായ കൃഷികൾ

തിരുവിതാംകൂർ ചിരന്തനമായിത്തന്നെ ഒരു കർഷകരാജ്യമാണെങ്കിലും കാർഷികമായി പല പരിഷ്ക്കാരങ്ങൾ ഇവിടെ നടപ്പാക്കാനുണ്ടെന്നുള്ളതു സർവ്വവിദിതമാണ്. അവയിൽ ഒന്നു, ആദായപ്രദമോ ആരോഗ്യരക്ഷകോപയുക്തമോ ആയ നവീനസാധനങ്ങൾ ശാസ്ത്രീയരീതിയിൽ കൃഷി ചെയ്യപ്പെടണമെന്നുള്ളതാകുന്നു. ഈ പദ്ധതിയിൽ നവീനമായ ചില പരീക്ഷണങ്ങളോ പരിശ്രമങ്ങളോ നടത്തുന്നതിനു നമ്മുടെ ഗവർമ്മെണ്ടു ഉദ്യുക്തമായിരിക്കുന്നു എന്നുള്ള അറിവു, ജനസാമാന്യത്തിനു പൊതുവേ സന്തോഷകരമായിരിക്കുമെന്നുള്ളതിനു സംശയമില്ല. * സോയാപ്പയറു എന്നും * ടോമാറേറാ എന്നും പലരും കേട്ടിരിക്കാമെങ്കിലും ധാതുക്കൾ ജീവകങ്ങൾ മുതലായ പോഷകാംശങ്ങൾ ധാരാളമുള്ള ഈ സസ്യങ്ങൾ ഇന്നാട്ടുകാരിൽ അധികമാരും കണ്ടിരിക്കയില്ല, ഉയർന്നതരക്കാരുടെ ഭക്ഷ്യസാധനങ്ങളായി പരിഗണിക്കപ്പെട്ടിരിക്കുന്ന പ്രസ്തുതസസ്യങ്ങൾ ഇവിടെയും അന്യരാജ്യങ്ങളിൽനിന്നു ഇറക്കുമതി ചെയ്കയും ധനികന്മാരും മററും ഉപയോഗിക്കുകയും ചെയ്യാറുണ്ട്. ഈ രണ്ടു ചെടികളും സംസ്ഥാനത്തു പൊതുവേ അറിയപ്പെടത്തക്കവണ്ണം ഇതേവരെ കൃഷി ചെയ്യപ്പെട്ടിട്ടില്ലെന്നും എന്നാൽ അതിനു ഇവിടെ സാധിക്കുന്നതാണെന്നും അറിയുന്നു. ഗവർമ്മെണ്ടിൽനിന്നു ഇവയുടെ വിത്തുകൾ വരുത്തി കൃഷിക്കാർക്കു കൊടുക്കാനും തൽക്കാലം കറിസാമാനങ്ങൾ എന്ന നിലയിൽ പ്രചരിപ്പിച്ചിട്ടു പിന്നീടു വലിയ തോതിൽ ഈ കൃഷി നടത്തിക്കാനുമാണ് ഉദ്ദേശം. സോയാപ്പയറും ടോമാറേറായും വിലയുള്ള സാധനങ്ങളാകയാലും ആവശ്യക്കാർ ധാരാളമുള്ളതിനാലും ഇവിടെ പ്രചരിക്കുന്നപക്ഷം കൃഷിക്കാർക്കു നല്ല ആദായത്തിനിടവരുത്തുമെന്നുള്ളതും വക്തവ്യമാണു്.

കാലദേശാവസ്ഥകൾക്കനുയോജ്യമായ സാധനങ്ങൾ കൃഷിചെയ്യുന്ന വിഷയത്തിൽ നാട്ടുകാർ എത്ര കൂടുതലായി ശ്രദ്ധപതിപ്പിച്ചാലും അധികമായിപ്പോകയില്ല. നെല്ലും തേങ്ങയും കുരുമുളകും ഇഞ്ചിയും നമ്മുടെ പുരാതനകൃഷികളാണെങ്കിലും നാട്ടുകാരിൽ തൊണ്ണൂററഞ്ചുശതമാനത്തിൻെറയും ശ്രദ്ധ അതിലാണു് സർവ്വപ്രധാനമായി പതിഞ്ഞിരിക്കുന്നതു്. നെൽകൃഷിയുടെ അവസ്ഥ ഇന്നു വളരെ പരിതാപകരമായി തീർന്നിട്ടുണ്ടെന്നും പഴയകാലത്തെ വിളവിൽ പകുതിപോലും പലയിടത്തും ഇപ്പോൾ കിട്ടുന്നില്ലെന്നും ചെലവും ബുദ്ധിമുട്ടുമാകട്ടെ നാനാമാർഗ്ഗങ്ങളിൽ വർദ്ധിച്ചിട്ടുണ്ടെന്നും എല്ലാവർക്കുമറിയാം. ഇതിൻെറ ഫലമായി നെൽകൃഷിയും കർഷകനും ഒരുപോലെ അധഃപതിച്ചുകൊണ്ടിരിക്കയും കർഷകൻ ഋണസാഗരനിമഗ്നനായി പരിണമിക്കയും ചെയ്യുന്നു. ദയനീയമായ ഈ അവസ്ഥയിൽനിന്നു രക്ഷപ്പെടണമെന്നു കർഷകൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും അതിനുള്ള മാർഗ്ഗങ്ങളോ സൗകര്യങ്ങളോ അവനില്ല. ഒന്നു

കിൽ കൂടുതൽ ആദായം സിദ്ധിക്കത്തക്കവണ്ണം നെൽകൃഷിയെ പരിഷ്കരിച്ചു നടത്തണം അല്ലെങ്കിൽ അതിനെ പരിത്യജിച്ചുകൊണ്ടു കൂടുതൽ ആദായകരങ്ങളായ മററു സാധനങ്ങൾ കൃഷിചെയ്യണം. കാൎയ്യമിപ്രകാരമായിരുന്നാലും തൻെറ പഴയ തൊഴിലായ നെൽകൃഷിതന്നെ പഴയസമ്പ്രദായത്തിൽനിന്നും കഴിയുന്നതും മാററം വരുത്താതെ കൃഷിചെയ്തു നശിക്കുകയാണ് മിക്കവാറുമുള്ള അനുഭവം. കൃഷിക്കാരനെ ഇന്നത്തെ അനുകമ്പാർഹമായ സ്ഥിതിയിൽനിന്നു വിമോചിപ്പിക്കുന്നതിനായി ഗവമ്മെണ്ടിൽനിന്നു ചില ശ്രമങ്ങൾ തുടങ്ങിട്ടു കൊല്ലങ്ങൾ ഒട്ടേറെയായെങ്കിലും ഇനിയും അവൻെറ നില ആശാസ്യമായിത്തീൎന്നിട്ടില്ല.

തെങ്ങുകൃഷിക്കാരൻെറ സ്ഥിതി അതിലും സങ്കടകരമെന്നേ പറയേണ്ടു. വിളവും വിലയും പൊതുവേ കുറയുകയാൽ കേരകർഷകൻ ചക്രശ്വാസം വലിക്കുകയാണ് ഇന്നു ചെയ്യുന്നതു്. സിലോൺകാരുടെ മത്സരംകൂടിയായപ്പോൾ അവൻെറ അവസ്ഥ കുനിന്മേൽ കുരുപോലെ ആയി. സിലോണിൽ കേരകർഷകന്മാൎക്കു പ്രത്യേകമായ പല ആനുകൂല്യങ്ങളും ഗവർമ്മെൻറുചെയ്യുന്നതിനാൽ അവൎക്കു കേരവിഭവങ്ങൾ ഇവിടെ ഇറക്കുമതിചെയ്തു നമ്മോടു സഫലമായി മത്സരിക്കുന്നതിനു സാധിക്കുന്നു. ആ രാജ്യത്തു ഭൂമിക്കു നികുതിയോ വൃക്ഷത്തിനു നികുതിയോ ഇല്ലെന്നു മാത്രമല്ല, കയററുമതിച്ചുങ്കവും ഏൎപ്പെടുത്തിട്ടില്ല. ഈ ഭാരങ്ങളെല്ലാം വഹിക്കുന്ന നമ്മുടെ കർഷകനു ഗവർമ്മെണ്ടു കാൎയ്യമായ എന്തു പ്രോത്സാഹനമാണു നൽകുന്നതു്! ഇന്നാട്ടിലെ കേരങ്ങൾക്കു ചിലതരം രോഗങ്ങൾ പിടിപെട്ടിട്ടും അസുഖം ദാവാഗ്നിപോലെ സംക്രമിക്കാൻ തുടങ്ങീട്ടും കാലം വളരെയായി. ഇനിയും അവയെ സമ്പൂൎണ്ണമായുച്ചാടനംചെയ്യുന്നതിനുപയുക്തങ്ങളായ മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു കർഷകന്മാരെ പരിത്രാണംചെയ്യുന്നതിനു സാധിച്ചിട്ടില്ല. രോഗങ്ങളുടെ നിർബാധമായ പ്രചരണം നിമിത്തം സമൃദ്ധിയായി കായിച്ചുകൊണ്ടിരുന്ന ചില പ്രദേശങ്ങളിലെ കേരസമൂഹങ്ങൾ മിക്കവാറും മുഴവനായിത്തന്നെ നശിച്ച നിലയിൽ നില്ക്കുന്ന കാഴ്ച പരിതാപകരംതന്നെ. കൃഷിഡിപ്പാർട്ടുമെൻറുകാർ മുറയ്ക്കു ഉപദേശങ്ങൾ നൽകാറുണ്ടെങ്കിലും ഈ ദയനീയസ്ഥിതിക്കു മാററംവരുത്താൻ അതൊന്നും ഫലപ്രദമായിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ കേരകൃഷിയെ ശരണീകരിച്ചിരിക്കുന്നവരുടെ നില ആകപ്പാടെ മാറിപ്പോയിട്ടുണ്ടു്. കേരളത്തിലെ കല്പവൃക്ഷമെന്ന മഹിതനാമം അന്വത്ഥമാക്കിയിരുന്ന 'കേരം' ഇന്നു അതിനെ സമാശ്രയിക്കുന്നവൎക്കു അഭയമരുളാൻ അവശക്തമായിത്തീൎന്നു.

കുരുമുളകും ഇഞ്ചിയും ഇന്നും ഇവിടത്തെ പ്രധാന കൃഷിസാധനങ്ങൾതന്നെയെങ്കിലും മുളകിൻെറ വിലയും വിളവും തീരെ കുറഞ്ഞിരിക്കുകയും ഇഞ്ചികൃഷിക്കു ശരിയായ അഭിവൃദ്ധി സിദ്ധിക്കാതിരിക്കയും ചെയ്യുന്നു. ഇഞ്ചിക്കു ഒരുവിധം നല്ല വിലയുണ്ടെങ്കിലും ആ കൃഷി നടത്തുന്നതിനുള്ള വ്യയാധിക്യവുംഅദ്ധ്വാനവും ആലോ

ചിച്ചാൽ അധികമാരും അതിനദ്ദ്യമിക്കാത്തതിൽ വിസ്മയിക്കാനില്ല. ഗവമ്മെണ്ടിൽ നിന്നു ഈ കൃഷിക്കാക്ക് ഹൃദയപൂർവ്വമായ സാഹായ്യം സിദ്ധിക്കാത്ത കാലത്തോളം പ്രസ്തുത കൃഷികൾ സ്പൃഹണീയമായ അഭിവൃദ്ധിയുണ്ടാകയില്ലെന്നു തീച്ചയാണ്. ഇപ്രകാരം ഇന്നാട്ടിലെ പഴയ കൃഷികൾക്കൊക്കെ പുരോഗമനത്തിനു നാനാമുഖങ്ങളായ പ്രതിബന്ധങ്ങളും നഷ്ടവും നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നവീനങ്ങളും എന്നാൽ ആദായകരങ്ങളുമായ ഓരോരൊ സാധനങ്ങൾ കണ്ടുപിടിച്ചു ഇന്നാട്ടിൽ കൃഷിചെയ്യേണ്ടതു എത്രയോ അത്യാവശ്യമാകുന്നു. ലാഭമുണ്ടായാലും ഇല്ലെങ്കിലും ശരി പൂർവ്വന്മാരുടെ കൃഷികളേ നടത്തു എന്നുള്ള നിർബ്ബന്ധം പരിത്യജിക്കേണ്ടകാലം വളരെ അതിക്രമിച്ചിട്ടുണ്ട്. നെല്ല്, തേങ്ങാ മുതലായവ നമ്മുടെ ആഹാരസാധനങ്ങളാകയാൽ അവയുടെ കൃഷിയെ പാടേ ഉപേക്ഷിക്കാൻ പാടില്ലെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ നഷ്ടം സഹിച്ചും അവയെ നടത്തിക്കൊണ്ടിരിക്കാൻ സാധിക്കയില്ലെന്നും അവയിലെന്നപോലെയോ അതിൽക്കൂടുതലായോ ആദായകരങ്ങളായ നവീനസാധനങ്ങൾ കൃഷിചെയ്യുന്നതിൽ ശ്രദ്ധ പതിക്കണമെന്നുമാണ് ഞങ്ങൾ പറയുന്നതിന്റെ സാരം. ഉദാഹരണമായി തെങ്ങുകൃഷിയിലുള്ള പ്രതിപത്തിനിമിത്തം മൊട്ടക്കുന്നുംപുറങ്ങളിൽപോലും കഷ്ടനഷ്ടങ്ങൾ സഹിച്ചു ആ കൃഷി നടത്തുന്നവരുണ്ട്. ഓരോ സ്ഥാനത്തേക്കും ഏററവും ഉപയുക്തമായ സാധനങ്ങൾമാത്രം കൃഷി ചെയ്കയും അവ കൂടുതൽ ആദായപ്രദമായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കയും ചെയ്യുന്നതു ഏററവും ബുദ്ധിപൂർവ്വമായിരിക്കും.

നവീനങ്ങളായ സാധനങ്ങൾ കൃഷിചെയ്യുന്നതിൽ തിരുവിതാംകൂർകാക്ക് നൈസൎഗ്ഗികമായുള്ള വിപ്രതിപത്തി ഒരിക്കലും ശ്രേയസ്കരമല്ല. യൂറോപ്യന്മാർ ഇവിടെ വന്നു കാപ്പി, തേയില, റബർ മുതലായ സാധനങ്ങൾ കൃഷിചെയ്വാൻ തുടങ്ങീട്ടു എത്രയോകൊല്ലങ്ങൾ കഴിഞ്ഞു മാത്രമാണ് ഇന്നാട്ടുകാർ ഓരോന്നിലും ഉണൎന്നതെന്നു ഏറെക്കുറെ എല്ലാവക്കുമറിയാം. നമ്മുടെ ഒന്നാംതരം സ്ഥാനങ്ങൾ അവർ കൈക്കലാക്കുകയും അവിടെനിന്നു കനകംവാരുകയും ചെയ്തപ്പോൾ നാട്ടുകാർ ഉണരാൻ തുടങ്ങി. ശരിക്കു ഉണരാൻ താമസിച്ചതുനിമിത്തം ഇനിയും നാട്ടുകാക്കു അതിന്റെ സ്പൃഹണീയഫലങ്ങളനുഭവിക്കാൻ സാധിച്ചിട്ടില്ലെന്നും ദോഷഭാഗങ്ങൾ മുഴുക്കനുഭവിക്കേണ്ടിവന്നു എന്നുമുള്ളതും വിസ്മരിക്കാവുന്നതാണോ? തിരുവിതാംകൂറിനോട്ടു തൊട്ടുകിടക്കുന്ന പാണ്ടിക്കാർ കയറി ഈ സംസ്ഥാനത്തിൽ ഏലകൃഷിക്കു ഏററവുമുപയുക്തമായ ഒന്നാംതരം ഭൂവിഭാഗങ്ങൾ മിക്കവാറും കൈക്കലാക്കുന്നതുവരെ ആ കൃഷിയിൽപോലും നമ്മുടെ ജനങ്ങൾ ശ്രദ്ധിച്ചില്ല. ഇതിൽനിന്നും ഈദൃശസംഗതികളിൽ നാം പ്രകടിപ്പിച്ചുവരുന്ന മാന്ദ്യം എത്ര ആക്ഷേപാർഹവും ആപൽക്കരവുമാണെന്നു ഗ്രഹിക്കാൻ പ്രയാസമില്ല. നാട്ടുകാക്കു കാര്യബോധംവന്നു ഏററവും ആദാ

യകരമായ ഏലകൃഷിക്കു സന്നദ്ധതയുണ്ടായപ്പോൾ ഒന്നാംതരം സ്ഥാനങ്ങൾ വളരെ കുറഞ്ഞുപോയെന്നും ഉള്ളവതന്നെ കിട്ടാൻ പ്രയാസമെന്നും ബോധ്യമായി. ഗവർമ്മെണ്ടു പാണ്ടികൾക്കു ആദ്യകാലത്തു നൽകിയിരുന്ന ആനുകൂല്യങ്ങളും പ്രോത്സാഹനവും ഇപ്പോൾ ചെയ്യുകയില്ലെന്നും വന്നുകൂടീട്ടുണ്ടു്. നാട്ടുകാർ റബർ, തേയില മുതലായ കൃഷികളിൽ ഏർപ്പെട്ടതിന്റെ ഗുണഫലങ്ങൾ ഏറെക്കുറെ അനുഭവിച്ചറിയാൻ സാധിച്ചിട്ടുണ്ടു്.

വിശാഖംതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടാണു് മരച്ചീനികൃഷി സംസ്ഥാനത്തു നടപ്പാക്കിയതു്. സ്വപ്രജകളിൽ അനേകലക്ഷത്തിനു ഒരുനേരത്തെ ആഹാരംപോലും വയറുനിറച്ചു കഴിക്കാൻ സാധിക്കുന്നില്ലല്ലോ എന്നുള്ള മനോവിചാരം കപ്പച്ചെടിയെ ഇവിടെ ഇറക്കുമതിചെയ്യുന്നതിനും അതിനെ എല്ലായിടത്തും പ്രചരിപ്പിക്കുന്നതിനും ഗുണവാനായ ആ തിരുമേനിയെ പ്രേരിപ്പിച്ചു. ഇന്നു സംസ്ഥാനത്തു കപ്പകൃഷിക്കുണ്ടായ പ്രചാരപ്രചുരിമ വിസ്മയാവഹമാണെന്നല്ലാതെ ഒന്നും പറവാനില്ല. ഇന്നാട്ടിലെ ആഹാരപദാൎത്ഥങ്ങളിൽ കപ്പയ്ക്കു പ്രധാനമായ ഒരു സ്ഥാനം തന്നെയുണ്ടെന്നും സാധുക്കളുടെയും സാധാരണന്മാരുടെയും പ്രതിപത്തിക്കു അതു പാത്രീഭവിച്ചിട്ടുണ്ടെന്നുമുള്ളതിനു സംശയമില്ല. സംസ്ഥാനത്തു ഏഴുലക്ഷം ഏക്കർ ഭൂമിയിൽ നെല്ലും, അഞ്ചേകാൽലക്ഷംഏക്കറിൽ തെങ്ങും കൃഷിയുള്ളപ്പോൾ കപ്പകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീൎണ്ണത അഞ്ചുലക്ഷമാണെന്നു നാം പ്രത്യേകം അനുസ്മരിക്കണം. തിരുവിതാംകൂർ നിവാസികൾ ഇപ്പോഴത്തെ നിലയിലെങ്കിലും കഴിഞ്ഞുപോകുന്നതു കപ്പയുടെ സഹായംകൊണ്ടാണു്. കപ്പയെ പരിത്യജിച്ചുകൊണ്ടുള്ള തിരുവിതാംകൂറിന്റെ അവസ്ഥയെപ്പററി ചിന്തിക്കുവാൻപോലും പ്രയാസം. ഗവർമ്മെണ്ടു നവീനമായി ഇവിടെ നടപ്പാക്കണമെന്നുദ്ദേശിക്കുന്ന സോയാപ്പയറും ടോമാറേറായും പോഷകാംശങ്ങൾ ധാരാളമുള്ളവയാകയാൽ ആ ഉദ്യമം വിജയീഭവിക്കുന്ന പക്ഷം ജനസാമാന്യത്തിനു പൊതുവേ ഒരനുഗ്രഹമായിരിക്കുന്നതാണു്. ഇന്നാട്ടുകാരുടെ ആരോഗ്യസ്ഥിതി വളരെ അധഃപതിച്ചിരിക്കുന്നതിന്റെ പ്രധാനരഹസ്യം ആരോഗ്യസംരക്ഷണത്തിനുപകരിക്കുന്ന ആഹാരപദാൎത്ഥങ്ങൾ വേണ്ടപോലെ കഴിക്കാൻ സാധിക്കുന്നില്ലെന്നുള്ളതാണു്. സോയാപ്പയറും ടൊമാറേറായും കൃഷി സംസ്ഥാനത്തു നടപ്പാക്കാൻപോകുന്നവിവരം അസോസിയേറ്റഡ്പ്രസ്മൂലം ഭൂലോകമെങ്ങും ക്ഷണേന പ്രചരിപ്പിച്ചുകഴിഞ്ഞിട്ടുണ്ടു്. എന്നാൽ ഈ പ്രചരണം അന്വൎത്ഥമായി സാധിക്കത്തക്കവണ്ണം ഗവർമ്മെണ്ടു ദീർഘദൃഷ്ടിയോടുകൂടിയ ആനുകൂല്യങ്ങൾതന്നെ കൃഷിക്കാൎക്കു ചെയ്തുകൊടുക്കുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. (ന. ദീ)

* സോയാപ്പയറു്, ടൊമാറേറാ എന്നീ സസ്യങ്ങൾ തിരുവിതാംകൂറിൽ പരീക്ഷണാൎത്ഥം കൃഷിയാരംഭിക്കുവാൻ ഗവർമ്മെൻറു് തീരുമാനിക്കുകയും കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും ഇവ കൃഷിചെയ്യുവാൻ താല്പൎയ്യമുള്ളവൎക്കു് വേണ്ട വിത്തുകൾ കൊടുത്തു് നിർദ്ദേശങ്ങൾ നൽകുന്നതാണെന്നും അറിയുന്നതിൽ സന്തോഷമുണ്ടു്. നവ്യങ്ങളായ കൃഷികളെപ്പററിയുള്ള നസ്രാണിദീപികയുടെ മുഖപ്രസംഗം ഉദ്ധരിച്ചിട്ടുള്ളതിലേയ്ക്കു് ഞങ്ങൾ വായനക്കാരുടെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു. ഈ നവ്യകൃഷികൾ ഫലപ്രദമെങ്കിൽ നാം പരീക്ഷിച്ചു് ഉപകാരപ്രദമാക്കേണ്ടതാണു്. (കൃ: വ്യ: മാ: പ:)

തിരുവിതാംകൂർ കർഷകവിമോചന റഗുലേഷൻ

(തുടർച്ച)

സമിതി രഞ്ജിപ്പിക്കാൻ ശ്രമിക്കണമെന്ന്.

൧൦. (൧) ഓരോ കടത്തെപ്പററിയും തങ്ങൾക്കു പറയാനുള്ളതിനെ പറയാൻ സമിതി അധമർണ്ണനോടും ഉത്തമർണ്ണനോടും ആവശ്യപ്പെടേണ്ടതാണ്.

(൨) ഏതെങ്കിലും ഉത്തമർണ്ണനു കടം വാങ്ങിയതു കൊടുക്കേണ്ടതായുണ്ടോ എന്നുള്ളതിനേയോ കടത്തിൻെറ തുകയെന്തെന്നുള്ളതിനേയോ പററിയൊ അല്ലെങ്കിൽ ഏതെങ്കിലും അധമർണ്ണനു എത്രത്തോളം സ്വത്തുണ്ടെന്നുള്ളതിനെപ്പററിയൊ വല്ല തർക്കവും ഉണ്ടാകുന്നപക്ഷം സമിതി സംബന്ധപ്പെട്ട എല്ലാ കക്ഷികളുടേയും തെളിവുവാങ്ങി ആ കാര്യം തീരുമാനിക്കാവുന്നതും ആ തീരുമാനം സമിതിമുൻപാകെയുള്ള എല്ലാ നടപടികളിലും എല്ലാ കക്ഷികളേയും ബാധിക്കുന്നതുമാകുന്നു.

എന്നാൽ ഒരു കടംസംബന്ധിച്ച ഒരു സിവിൽകോടതിയുടെ ഒരു ഡിക്രി കടം ഉണ്ടോ എന്നും കടത്തിൻെറ തുക എന്തെന്നും ഉള്ളതുസംബന്ധിച്ച ഖണ്ഡിതമായ തെളിവായിരിക്കുന്നതാണ്.

(൩) ഉത്തമർണ്ണന്മാരുടേയും അധമർണ്ണൻെറ സ്വത്തുക്കളുടേയും ബാദ്ധ്യതകളുടേയും പൂർണ്ണമായ ഒരു പട്ടിക സമിതി തയ്യാറാക്കേണ്ടതാണ്.

തെളിവെടുക്കാൻ സമിതിക്കുള്ള അധികാരം.

൧൧. (൧) ഈ റഗുലേഷൻപ്രകാരം നമ്മുടെ ഗവർമ്മെൻറ് ഏതെങ്കിലും ചട്ടങ്ങളുണ്ടാക്കുന്നപക്ഷം ആ ചട്ടങ്ങൾക്കുൾപ്പെട്ട കക്ഷികളേയും സാക്ഷികളേയും സമനയച്ചുവരുത്തി വിസ്തരിക്കയും പ്രമാണങ്ങൾ ഹാജരാക്കിയും ചെയ്യുന്നതു സംബന്ധിച്ചു ൧൧൦൦-ാമാണ്ടത്തെ സിവിൽനടപടിനിയമംമൂലം ഒരു സിവിൽകോടതിക്കു നൽകിയിരിക്കുന്നപ്രകാരമുള്ള എല്ലാ അധികാരങ്ങളേയും ഒരു സമിതി വിനിയോഗിക്കാവുന്നതാണ്.

(൨) ഹാജരാക്കിയിട്ടുള്ള ഏതൊരാളോടും തൻെറ കൈവശത്തിലൊ അധീനതയിലൊ ഉള്ള ഏതെങ്കിലും വിവരം നൽകാനോ അല്ലെങ്കിൽ ഏതെങ്കിലും പ്രമാണം ഉടനടി ഹാജാരാക്കനോ ഒരു സമിതി ആവശ്യപ്പെടാവുന്നതാണ്.

(൩) സമിതി മുമ്പാകെയുള്ള എല്ലാ നടപടികളെയും ജൂഡിഷ്യൽ നടപടികളായി ഗണിക്കേണ്ടതാകുന്നു.

അധമർണ്ണനും ഉത്തമർണ്ണനുംതമ്മിലും ഉത്തമർണ്ണർ തമ്മിലും രഞ്ജിപ്പുണ്ടാക്കുക.

൧൨. അധമർണ്ണനും ഉത്തമർണ്ണനും അല്ലെങ്കിൽ ഉത്തമർണ്ണന്മാരും തമ്മിലും ഒന്നിലധികം ഉത്തമർണ്ണന്മാരുള്ളപക്ഷം അവർതമ്മിലും (കടങ്ങൾ എപ്രകാരം

മുഴവനും വീട്ടിത്തീക്കണമെന്നുള്ള തീരുമാനമുൾപ്പെടെ) എല്ലാ കടങ്ങളും രഞ്ജിപ്പായിത്തീരാനുള്ള നിർദ്ദേശങ്ങൾ നൽകുകയും രഞ്ജിപ്പിക്കയും ചെയ്യുന്നതു സമിതിയുടെ ജോലി ആയിരിക്കുന്നതാണ്.

രഞ്ജിപ്പിക്കുന്നതിൽ പര്യാലോചിക്കേണ്ട കാര്യങ്ങൾ.

൧൩. രഞ്ജിപ്പായിത്തീരാൻ നിർദ്ദേശങ്ങൾ നൽകുകയും രഞ്ജിപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ സമിതി മററുള്ളവയുടെ കൂട്ടത്തിൽ താഴെപ്പറയുന്ന കാര്യങ്ങളേയും പര്യാലോചിക്കേണ്ടതാണു്, അതായതു്:—

(എ) സംബന്ധപ്പെട്ട കടമിടപാടുകളുടെ നീതിന്യായത,

(ബി) ഓരോ കടത്തിൻെറയും തുക,

(സി) കൊടുത്തുതീർത്ത, വിശേഷിച്ചു കൊല്ലവർഷം ൧൧൦൫-ാമാണ്ടു ആരംഭത്തിനുശേഷം കൊടുത്തുതീർത്ത പലിശയുടെ തുക.

(ഡി) വദ്ധിക്കാൻ അനുവദിച്ച പലിശയുടെ തുക,

(ഇ) ഇടപാടുകളുടെ കാലദൈർഘ്യം,

(എഫ്) കടത്തിൻെറ സ്വഭാവവും, ഉദാഹരണത്തിനു് ഈടുള്ളതോ ഇല്ലാത്തതോ എന്നും കടത്തിൻെറ ആവശ്യവും,

(ജി) കടം വീട്ടിത്തീക്കാൻ അധമർണ്ണനുള്ള പ്രാപ്തി.

(എച്ച്) കടം ഈടാക്കത്തക്കവണ്ണം സ്വത്തുണ്ടോ എന്നു്,

(ഐ) ഉത്തമർണ്ണൻെറ ജോലി ആവശ്യങ്ങൾ, മററു സാമ്പത്തികസ്ഥിതികൾ,

(ജെ) അധമർണ്ണൻെറ ആവശ്യങ്ങൾ, അയാളുടെ നിത്യതയ്ക്കു കുറച്ചുസ്വത്തു കഴിയുന്നതു വിട്ടേക്കേണ്ടതിൻെറ ആവശ്യകത.

ഇടപാടുകളെപ്പററി എപ്പോൾ പുനരാലോചിക്കാമെന്നു്.

൧൪. ഏതെങ്കിലും ഇടപാടിൽ നീതികേടുണ്ടെന്നു ഉദാഹരണത്തിനു അതു ചതിയൊ, തെററിദ്ധരിപ്പിക്കലൊ, ദുഷ്പ്രേരണയൊ, നിർബന്ധമൊ, അയഥാർത്ഥതയൊ, കൂട്ടുകെട്ടോമൂലം ദൂഷിതമായിട്ടുണ്ടെന്നു സംശയിക്കാൻ, സമിതിയുടെ അഭിപ്രായത്തിൽ ന്യായമായ കാരണങ്ങളുള്ളപക്ഷം സമിതി രഞ്ജിപ്പായിത്തീരാൻ നിർദ്ദേശങ്ങൾ നൽകുകയും രഞ്ജിപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ ഇടപാടിൻെറ ചരിത്രത്തെപ്പററി അന്വേഷിക്കേണ്ടതും, ആ ചരിത്രത്തെ അസ്പദമാക്കി, പലിശ കുറയ്ക്കുയൊ അനുവദിക്കാതിരിക്കയൊ അല്ലെങ്കിൽ മുതലുതന്നെ കുറയ്ക്കുയൊ ചെയ്യാവുന്നതുമാകുന്നു.

വിവരണം. ഈ വകുപ്പിലുള്ള യാതൊന്നും സംബന്ധപ്പെട്ട ഇടപാടു ചതിയൊ, തെററിദ്ധരിപ്പിക്കലൊ, ദുഷ്പ്രേരണയൊ, നിർബന്ധമൊ, തെററിദ്ധാരണയൊ കൂട്ടുകെട്ടോമൂലം ദൂഷിതമായിട്ടുള്ളതാണെന്നും അതുകൊണ്ടു നിയമദൃഷ്ട്യാ

അസാധുവാണെന്നും ഉള്ള കാരണത്താൽ ഏതെങ്കിലും അവകാശത്തെ ഏതെങ്കിലും വിധത്തിൽഅനുവദിക്കാതിരിക്കുന്നതിനെ നിരോധിക്കുന്നതിനുഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ല.

രഞ്ജിപ്പിക്കുന്ന വിധങ്ങൾ.

൧൭. (൧) രഞ്ജിപ്പിക്കുന്നവിധം സമിതിയുടെ യുക്തംപോലെ ആയിരിക്കുന്നതും, അതു് ഉദാഹരണത്തിനു താഴെ പറയുംപ്രകാരം ആയിരിക്കാവുന്നതും ആകുന്നു:--

(എ) എല്ലാ കടങ്ങളും പൂർണ്ണമായി വീട്ടിത്തീക്കുന്നതിലേക്കു രൊക്കം പണമായി ഒരു മൊത്തംതുക അധമർണ്ണൻ ഉത്തമർണ്ണനൊ ഉത്തമർണ്ണന്മാർക്കൊ ഉടനടിയൊ സമിതി നിശ്ചയിക്കുന്ന ഒരു കാലത്തിനുള്ളിലൊ കൊടുക്കുക; ആ മൊത്തംതുക ൧൬-ാംവകുപ്പിൽ പറഞ്ഞിട്ടുള്ള വസ്തുതകളേയും തന്റെ മുഴുവൻ വസ്തുക്കളും സക്കാർ ഭൂസ്വത്തുജാമ്യബാങ്കിലേക്കൊ അല്ലെങ്കിൽ അംഗീകാരമുള്ള അത്തരം ഏതെങ്കിലും സ്ഥാപനത്തിലേക്കോ ഒററികൊടുത്തു് അധമർണ്ണനുണ്ടാക്കാവുന്ന തുകയേയും പരിഗണിച്ച് സമിതി നിശ്ചയിക്കേണ്ടതാകുന്നു, അല്ലെങ്കിൽ

(ബി) അധമർണ്ണന്റെ സ്വത്തിന്റെ ഒരുഭാഗം, നാലിലൊന്നിരിക്കട്ടെ, അയാളുടെ ഋണബാദ്ധ്യതകളിൽനിന്നു വിമുക്തമാക്കി അയാൾക്കു കൊടുത്തിട്ടു് ബാക്കി ഉത്തമർണ്ണനൊ ഉത്തമർണ്ണന്മാരൊ കൈവശപ്പെടുത്തിക്കൊള്ളാനായൊ അല്ലെങ്കിൽ വിൽപ്പിച്ചിട്ടു വിററുകിട്ടുന്ന തുക അവർതമ്മിൽ വീതിച്ചെടുക്കാനായോ അവക്കായി വിട്ടേക്കുന്നു. ഒന്നിലധികം ഉത്തമർണ്ണന്മാരുള്ളപക്ഷം, കാര്യത്തിന്റെ അവസ്ഥപോലെ, വസ്തുവൊ വിററുകിട്ടുന്ന തുകയൊ അവർതമ്മിൽ എങ്ങനെ വീതിക്കണമെന്നു പറഞ്ഞിരിക്കേണ്ടതാകുന്നു; അല്ലെങ്കിൽ

(സി) അധമർണ്ണൻ കടങ്ങളുടെ മുഴുവൻതുകയോ അല്ലെങ്കിൽ സമിതി നിശ്ചയിക്കേണ്ട സംവത്സരങ്ങളിലായി വ്യാപിച്ചിട്ടുള്ള തവണകളിലായി മുഴുവൻ കടവും വീട്ടിത്തീക്കത്തക്കവണ്ണം കുറയ്ക്കപ്പെട്ടിട്ടുള്ള ഒരു തുകയൊ കൊടുക്കുന്നു; തവണതോറും പണംകൊടുക്കുന്നതിലേക്കു അധമർണ്ണൻ ജാമ്യംകൊടുക്കുന്നു; ഏതെങ്കിലും തവണ പണം കൊടുക്കാതിരിക്കുന്നപക്ഷം ആ തവണയ്ക്കുള്ള പണവും അതിന്റെ പലിശയും മാത്രമേ ഈടാക്കാൻ പാടുള്ളുവെന്നും എന്നാൽ തുടച്ചയായി മൂന്നുതവണയിലെ പണം കൊടുക്കാതിരിക്കുന്നപക്ഷം ബാക്കി കൊടുക്കാനുള്ള മുഴുവൻ തുകയും ഈടാക്കാമെന്നും വ്യവസ്ഥചെയ്യുന്നു.

എന്നാൽ ഈ റഗുലേഷൻ നടപ്പിൽ വന്നതിനുശേഷം വരുത്തിയിട്ടുള്ള കടങ്ങൾ സംബന്ധിച്ച ഉത്തമർണ്ണന്റെ സമ്മതംകൂടാതെ യാതൊരു പരിതഃസ്ഥിതിയിലും യാതൊരു കുറവും വരുത്താൻ പാടുള്ളതല്ല.

(൨) രഞ്ജിപ്പിക്കാനുള്ള ഏതെങ്കിലും പദ്ധതിയിൽ ൧൧൦൦-ാമാണ്ടത്തെ സിവിൽ നടപടിനിയമപ്രകാരം ജപ്തിചെയ്യുന്നതിൽനിന്നു ഒഴിവാക്കിയിട്ടുള്ള വസ്തുക്കളെ പരിഗണിക്കാൻ പാടില്ലാത്തതും അവയെ കടബാദ്ധ്യതയിൽനിന്നു വിമുക്തമാക്കി അധമർണ്ണനു വിട്ടേക്കേണ്ടതും ആകുന്നു. (തുടരും)

തിരുവിതാംകൂറിന കൊച്ചിത്തുറമുഖഉടമ്പടിപ്രകാരം ഉണ്ടായ ലാഭം.

കൊച്ചി തുറമുഖഉടമ്പടി അനുസരിച്ച കഴിഞ്ഞ പലവർഷങ്ങളായി തിരുവിതാംകൂറിലെ തുറമുഖങ്ങളിൽനിന്ന് ശേഖരിച്ചുവന്ന പുകയിലചുങ്കം തിരുവിതാംകൂർ—കൊച്ചി—ഇന്ത്യാഗവർമ്മെണ്ടുകൾ തമ്മിൽ വീതിച്ചെടുക്കണമെന്നുണ്ടായിരുന്ന വ്യവസ്ഥയെപ്പററി തിരുവിതാംകൂർഗവമെമ്മണ്ടു ബോധിപ്പിച്ചിരുന്ന ആക്ഷേപം സ്വീകരിച്ചുകൊണ്ട് ആ ഇനത്തിൽ 6 ലക്ഷത്തിൽപരം രൂപ ഉടനെ ഇന്ത്യാഗവർമ്മെണ്ടിൽനിന്നും തിരുവിതാംകൂർഗവർമ്മെണ്ടിന തിരിയെകൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നതായി അറിയുന്നു. 1925-ലെ കൊച്ചി തുറമുഖ ഉടമ്പടി അനുസരിച്ച തിരുവിതാംകൂറിലെതുറമുഖങ്ങളിൽ നിന്ന ശേഖരിക്കുന്ന പുകയില ചുങ്കം വീതിക്കുന്നതു വ്യവസ്ഥാനുസൃതമല്ലെന്നായിരുന്നു തിരുവിതാംകൂർ ഗവണ്മെണ്ടിന്റെ വാദം. അതിനാൽ നാളതുവരെ ഇന്ത്യാഗവണ്മെണ്ടു അങ്ങിനെ വീതിച്ചെടുത്തിട്ടുള്ള തുകയാണ് ഇപ്പോൾ തിരിയെ കൊടുക്കുന്നത്. അതുപോലെതന്നെയുള്ള ഒരുതുക-6 ലക്ഷം രൂപാ കൊച്ചി ഗവണ്മെണ്ടിൽ നിന്നും തിരുവിതാംകൂർ ഗവണ്മെണ്ടിന തിരിയെ കൊടുക്കുന്നതാണ്.

ഇവയ്ക്കു പുറമെ കൊച്ചിത്തുറമുഖ ഉടമ്പടിയനുസരിച്ച തിരുവിതാംകൂർ ഗവണ്മെണ്ടിനുള്ള ആദായവിതമായി പതിനാറരലക്ഷം രൂപാ ലഭിക്കുന്നതാണ്. ഇങ്ങനെ കൊച്ചിയിൽ നിന്നും കിട്ടാനുള്ള 6 ലക്ഷം രൂപക്കു പുറമെ 23 ലക്ഷത്തിൽപരം രൂപ തിരുവിതാംകൂർ ഗവണ്മെണ്ടിന ഉടനെ ലഭിക്കുന്നതാണ്.

പുകയിലയുടെ തീരുവയും തിരുവിതാംകൂറിന കിട്ടേണ്ടതും.

1931-32 മുതൽ 1934-35-വരെ തിരുവിതാംകൂർ ഈടാക്കിയിട്ടുള്ള പുകയിലത്തീരുവ ഇനത്തിൽ 1925-ലെ കൊച്ചിത്തുറമുഖഉടമ്പടിയനുസരിച്ച റിഫണ്ടായി തിരുവിതാംകൂർഗവർമ്മെൻറിന കൊടുക്കേണ്ടിയിരിക്കുന്ന ആകത്തുക പന്ത്രണ്ടുലക്ഷത്തിമുപ്പത്തേഴായിരമാണ്. ഈ തുക ഇന്ത്യാഗവർമ്മെൻറും കൊച്ചിഗവമ്മെൻറും സമവീതമായി കൊടുക്കേണ്ടതാണ്. ആറുലക്ഷത്തിഎൺപത്തിനാലായിരംരൂപാ വാങ്ങിക്കഴിഞ്ഞിരിക്കുന്നു. ഇന്ത്യാഗവണ്മെൻറിൽനിന്ന കിട്ടേണ്ട 618000 രൂപയും കൊച്ചിയിൽനിന്ന ഈടാകേണ്ട അതേ തുകയിൽനിന്നുള്ള അറുപത്താറായിരം രൂപായും ഇതിൽ ഉൾപ്പെടുന്നു. കൊച്ചിയിൽനിന്ന കിട്ടേണ്ട ബാക്കി ഏഴു സമവാർഷികതവണകളായി കൊടുക്കുന്നതാണ്.

ഇതുസംബന്ധിച്ചുള്ള പ്രധാന ആലോചനകരം 1936-ഓടുകൂടി പൂർത്തിയായി. സർ സി. പി. രാമസ്വാമിഅയ്യരായിരുന്നു തിരുവിതാംകൂറിന്റെ പ്രതിനിധി. ചുങ്കം തീരുവ മൂന്നുകക്ഷികളായി വീതിക്കണമെന്നാണല്ലൊ 1925-ലെ ഉടമ്പടിയിൽ വ്യവസ്ഥചെയ്തിരിക്കുന്നതു്. എന്നാൽ വിദേശങ്ങളിൽനിന്നു തിരുവിതാംകൂറിലേയ്ക്കു ഇറക്കുമതിചെയ്യുന്ന പുകയിലയ്ക്കു തിരുവിതാംകൂർ ഈടാക്കുന്ന തീരുവ വീതിക്കാനുള്ള തുകയിൽ ഉരംപ്പെടുത്തണമോ എന്നു ഒരു ചോദ്യമുണ്ടായി. ഉടമ്പടിയിലെ എട്ടാംവകുപ്പിനെ ശരിയായി വ്യാഖ്യാനിച്ചാൽ അത്തരം തീരുവ വീതിക്കാനുള്ള തുകയിൽ ഉരംപ്പെടുത്തേണ്ടതില്ലെന്നു തിരുവിതാംകൂർ വാദിച്ചു. എന്നാൽ ഇന്ത്യാഗവണ്മെന്റു മറ്റുതരത്തിൽ വിചാരിക്കയും 1931-32 മുതൽ 1934-35 വരെ തിരുവിതാംകൂർ ചുമത്തിയ പുകയിലത്തീരുവ വീതിക്കാനുള്ള തുകയിൽ ചേർക്കുകയുംചെയ്തു. എന്നാൽ തിരുവിതാംകൂർ ഗവർമ്മെന്റിന്റെ പരിശ്രമഫലമായി ഇന്ത്യാഗവർമ്മെന്റു അവരുടെ തീർപ്പിനെ പുനരാലോചിക്കയും എട്ടാംവകുപ്പിനു തിരുവിതാംകൂർ നരംകിയ വ്യാഖ്യാനത്തെ അംഗീകരിക്കയുംചെയ്തു. തന്മൂലം 1237000 രൂപാ ഇന്ത്യാഗവണ്മെന്റും കൊച്ചീഗവൺമെന്റും സമവീതമായി തിരുവിതാംകൂറിനു തരേണ്ടിയിരിക്കുന്നു. വീതിക്കാനുള്ള ആകത്തുകയായ 1855000 രൂപായുടെ മൂന്നിലൊരംശം തിരുവിതാംകൂറിനു അവകാശപ്പെട്ടതായി ശേഷിക്കയും ചെയ്യുന്നു. അങ്ങനെ കൊച്ചിത്തുറമുഖഉടമ്പടിയനുസരിച്ചു ഇന്ത്യാഗവർമ്മെന്റു തിരുവിതാംകൂറിനു ഒടുവിൽ തന്നതായ 2398000 രൂപായിൽ 1935-36-ലേയ്ക്കു തിരുവിതാംകൂറിനു സാധാരണയായി കിട്ടേണ്ട തുകയും പുകയിലത്തീരുവവകയിൽ ഇന്ത്യാഗവർമ്മെന്റു തിരുവിതാംകൂറിനു തരേണ്ട വീതവും കൊച്ചിഗവർമ്മെന്റു തരേണ്ട വീതത്തിന്റെ ഒരംശവും ഉരംപ്പെടുന്നു.

അസംസ്കൃതസാധനങ്ങളുടെ വിനിമയം

പതിനേഴ രാജ്യങ്ങളിൽനിന്നും സാമ്പത്തിക കാര്യങ്ങളിൽ വിദഗ്ദ്ധന്മാരായ പ്രതിനിധികരം മാർച്ചു് 8-ാംതിയതി സർവരാജ്യ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ഒരു സമ്മേളനം നടത്തിയിരിക്കുന്നു. ലോകത്തിലാകെ ഉള്ള അസംസ്കൃതപദാർത്ഥങ്ങളിൽ നിന്നുമുള്ള സമ്പത്തു് എല്ലാരാജ്യങ്ങരംക്കുമായി വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗം എന്താണെന്നാണു് ഈ സമ്മേളനത്തിൽ അവർ ആലോചനാവിഷയമാക്കിയിട്ടുള്ളതു്. ഈ പ്രശ്നത്തിൽ അന്തർഭവിച്ചിരിക്കുന്ന എല്ലാവിധ സാമ്പത്തിക പ്രശ്നങ്ങളെയും കുറിച്ചു് സവിസ്തരമായ ഒരു നിരീക്ഷണം നടത്തുന്നതിനാണു് അവരുടെ പരിശ്രമം. ലോകത്തിലെ അസംസ്കൃതപദാർത്ഥങ്ങരം ഏതെല്ലാമാണു്,

അതിൽ പ്രധാനവ്യവസായങ്ങൾ നടത്തിക്കൊണ്ടു പോകുവാൻ ആവശ്യമായിട്ടുള്ളതു് ഏതെല്ലാമാണു്. ഭക്ഷണസാധനങ്ങൾക്കാവശ്യമായിട്ടുള്ളതേതെല്ലാമാണു്. അസംസ്കൃത പദാൎത്ഥങ്ങൾ വാങ്ങലും വില്ക്കലും നിയന്ത്രിക്കുന്ന വിഷയത്തിൽ നാനാ രാജ്യങ്ങളിലും വ്യാപിച്ചു നില്ക്കുന്ന ട്രസ്റ്റുകൾക്കും കാർട്ടലുകൾക്കും എന്തു പങ്കുണ്ടു്. ഇവയെല്ലാം ആലോചനാവിഷയങ്ങളായിരുന്നു.

ഈ പ്രശ്നത്തെക്കുറിച്ചു് സർവരാജ്യസഖ്യത്തിലെ കോയ്മമെമ്പറന്മാർ ഗൗരവമായി ചിന്തിക്കാൻ തുടങ്ങിയതു് ഇതാദ്യമായിട്ടാണെങ്കിലും അസംസ്കൃത സാധനങ്ങളുടെ പ്രശ്നം ഇപ്പോൾ ആദ്യമായിട്ടാവിർഭവിക്കുന്നതല്ല. വിദേശങ്ങളിൽനിന്നു തങ്ങൾ പതിവായി ഇറക്കുമതി ചെയ്യാറുള്ള ഗോതമ്പ്, പഴങ്ങൾ, മാംസം രോമം, പരുത്തി, എണ്ണ, ധാതുവസ്തുക്കൾ ഇതൊന്നുമില്ലാതെ കഴിച്ചുകൂട്ടുക എത്ര വിഷമമാണു്. മഹായുദ്ധം നീണ്ടുനിന്ന നാലുകൊല്ലക്കാലം യൂറോപ്പിനെ ഒരു നല്ല പാഠം പഠിപ്പിച്ചു. പതിവായി ശീലിച്ച ഭക്ഷണങ്ങൾക്കും വസ്ത്രങ്ങൾക്കും പകരം മററു ചിലതു് കണ്ടുപിടിക്കുവാൻ അന്നു യൂറോപ്പിലെ പല രാജ്യങ്ങളും നിർബന്ധിതങ്ങളായി. ലീഗു സ്ഥാപിച്ചു് രണ്ടു കൊല്ലം കഴിഞ്ഞശേഷം അസംസ്കൃതസാധനങ്ങൾ ലഭിക്കുക എന്ന വിഷയത്തെക്കുറിച്ചു് പഠിക്കുവാൻ തങ്ങളുമായി സഹകരിക്കണമെന്നു് ഇററലിയിലെ ഗവർമ്മേൻറു് മററുരാജ്യങ്ങളോടു് ആവശ്യപ്പെട്ടു. ഇതു സംബന്ധിച്ചു് ഒരു മെമ്മോറാണ്ഡം തയാറാക്കിയെങ്കിലും പ്രകൃതിവിഭവങ്ങളാൽ അനുഗൃഹീതങ്ങളായ നാടുകളുടെ നില നിമിത്തം കൂട്ടതലായി യാതൊന്നും ചെയ്യുകയുണ്ടായില്ല. അതുകൊണ്ടു് ഔദ്യോഗികമായി ഈ വിഷയം പഠിക്കുവാനവസരം ലഭിക്കാതെ പിന്നെയും പന്ത്രണ്ടു വർഷങ്ങൾ കഴിഞ്ഞു. കഴിഞ്ഞ ആറുവർഷമായി ചില പ്രധാന രാജ്യങ്ങളിൽ ഈ വിഷയത്തിന് ഒരു രാഷ്ട്രീയഛായകൂടി ഉണ്ടായി. എന്തുകൊണ്ടെന്നാൽ എല്ലാവിധത്തിലുമുള്ള വ്യാപാരനിയന്ത്രണങ്ങളിലും അസംസ്കൃത സാധനങ്ങൾക്കു വിലകൊടുക്കുവാനുള്ള വിഷമംകൊണ്ടും ആ രാജ്യങ്ങളുടെ സാമ്പത്തിക ജീവിതത്തിനു് അനപേക്ഷ്യമായ അസംസ്കൃത സാധനങ്ങൾ ലഭിക്കുക സാദ്ധ്യമല്ലാതായി. അതുകൊണ്ടു ചിലരാജ്യവിഭാഗങ്ങൾ തങ്ങളുടെ സ്വന്തസ്വത്തായിരുന്ന പക്ഷം കറൻസി സംബന്ധമായും താരിപ്പു സംബന്ധമായുമുള്ള നിയന്ത്രണങ്ങൾ തങ്ങളെ ബാധിക്കുന്നതല്ലെന്ന് ഈ രാജ്യങ്ങൾ വിചാരിച്ചു.

അസംസ്കൃത സാധന പ്രശ്നത്തിനു ഗൗരവമേറിയ ഒരു രാഷ്ട്രീയ ഛായ ഉണ്ടായിത്തീർന്നപ്പോൾ അതും 1935 സെപ്തംബറിൽ വീണ്ടും ലീഗ്ഓഫ് നാഷൻസിൻെറ ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ടു. ഇതു് ഇററലിഗവർമ്മേൻറു് എത്യോപ്യയുമായി യുദ്ധത്തിനു പുറപ്പെട്ട കാലത്താണു് സംഭവിച്ചതു്. തങ്ങൾക്കു കാളനികളുടെ ആവശ്യം അതിനൊരു കാരണമായും അന്നു ഇററലി പറഞ്ഞിരുന്നു. ഇക്കാര്യത്തിലുള്ള ഉൽകണ്ഠവർദ്ധിച്ചു വന്നപ്പോൾ വ്യവസായ രാജ്യങ്ങൾക്കു അസംസ്കൃത സാധ

നങ്ങൾ കിട്ടാനുള്ള വിഷമതയെ കുറിച്ചു ലീഗ് ആലോചിക്കേണ്ടതാണെന്ന് ലീഗു അസംബ്ളിയിലേക്കുള്ള ബ്രിട്ടീഷ് പ്രതിനിധിയായ സർ സാമുവൽഹോർ അഭിപ്രായപ്പെട്ടു. എല്ലാരാജ്യങ്ങൾക്കും അസംസ്കൃത പദാൎത്ഥങ്ങൾ കിട്ടുന്നതിനുള്ള വഴികൾ കണ്ടു പിടിക്കുന്നതായാൽ ബ്രിട്ടൺ സഹായിക്കുന്നതാണെന്നു അദ്ദേഹം ഉറപ്പുകൊടുത്തു.

ലീഗ് അസംബ്ളിയുടെ സാമ്പത്തികകമ്മററി ഇക്കാൎയ്യത്തെ കുറിച്ചു് തുടന്നാലോചിച്ചു കാളനികളില്ലാത്തതല്ലാ ഇതരരാജ്യ വാണിജ്യബന്ധങ്ങൾക്കുണ്ടായിട്ടുള്ള പ്രതിബന്ധങ്ങളാണ് ആവശ്യമുള്ള രാജ്യങ്ങൾക്കു അസംസ്കൃതസാധനങ്ങൾ കിട്ടുന്നതിന് പ്രതിബന്ധമായി നിൽക്കുന്നതെന്ന് അവർ ചൂണ്ടിക്കാണിച്ചു. അസംസ്കൃതസാധനങ്ങളുടെ കാൎയ്യങ്ങൾ പഠിച്ചിട്ടുള്ള സാമ്പത്തികശാസ്ത്രവിദഗ്ദ്ധന്മാരെല്ലാം ഏതാണ്ടു ഐകകണ്ഠ്യമായിതന്നെ പറയുന്നതു് നമുക്കു വസ്ത്രത്തിനും, ഭക്ഷണത്തിനും ഭവനനിർമ്മാണത്തിനും ആവശ്യമായ സാധനങ്ങളിൽ മിക്കതും കാളനികളിൽ നിന്നല്ല സ്വതന്ത്രരാജ്യങ്ങളിൽ നിന്നാണെന്നാകുന്നു. ആസ്ട്രേലിയായിൽ നിന്നും രോമവും, അമേരിക്കായിൽ നിന്നു പരുത്തിയും ആർജൻറിയൻ, കാനഡാ എന്നിവിടങ്ങളിൽ നിന്നു ഗോതമ്പും, കാനഡാ, നോർവേ, റഷ്യ ഇവിടങ്ങളിൽനിന്നു മരവും പൾപ്പും വരുന്നതോൎക്കുക. ഇരുമ്പും കൽക്കരിയും യൂറോപ്യൻ രാജ്യങ്ങളിൽ തന്നെയുണ്ടു്.

എന്നാൽ പ്രാഥമിക വസ്തുക്കൾ കൃഷിചെയ്യാതെ യന്ത്രശാലകളിൽ സാമാനങ്ങൾ നിൎമ്മിച്ചു കഴിഞ്ഞുകൂടുന്നവരും, ആളുകൾ വളരെ അധികം തിങ്ങിപ്പാൎക്കുന്നവയുമായ ചിലരാജ്യങ്ങളുണ്ടു്. ഈ രാജ്യങ്ങൾക്കുവേണ്ട അസംസ്കൃതസാധനങ്ങൾ ലഭിക്കുന്നതിനെ കുറിച്ചാലോചിക്കുമ്പോൾ ആ വസ്തുക്കളുള്ള രാജ്യങ്ങളുടെ കച്ചവടങ്ങളെക്കുറിച്ചു ആലോചിക്കാതെ തരമില്ല. ചുരുക്കിപറഞ്ഞാൽ കാളനി കാൎയ്യത്തിലല്ല ഈ പ്രശ്നത്തിനുള്ള പരിഹാരം കാണേണ്ടതു്. കച്ചവടനയങ്ങളിലും കറൻസി നിയന്ത്രണത്തിലുമാകുന്നു.

അസംസ്കൃത വസ്തുക്കളെക്കുറിച്ചു് പൂൎണ്ണവും വിസ്താരവുമായ ഒരന്വേഷണം നടത്തേണ്ടതാണെന്ന് ലീഗിൻെറ സാമ്പത്തികവിദഗ്ദ്ധന്മാരടങ്ങിയ ഒരുകമ്മററി ശുപാർശചെയ്തു. അങ്ങനെയാണ് ഇന്നു ലോകത്തെ വിഷമിപ്പിക്കുന്ന ഏററവും വലിയപ്രശ്നങ്ങളിൽ ഒന്നിനു പരിഹാരം കാണുവാൻ വിദഗ്ദ്ധന്മാരായ പലരും ജനീവായിൽ ഒന്നിച്ചുകൂടിയതു്.

വ്യവസായ വർദ്ധനം.

(സി. കെ. മേനോൻ, **B. A. M. Met (Sheffild) A. I. C: M. Inst. Met)**

ജനങ്ങൾക്കു തൊഴിൽ ഉണ്ടാക്കിക്കൊടുക്കുകയും ജനങ്ങളുടെ ആവശ്യത്തിനു വേണ്ട സാധനങ്ങൾ ശരിപ്പെടുത്തിക്കൊടുക്കുകയും വ്യവസായംകൊണ്ടു സാധിക്കേണ്ടവയാണു. ഒരു രാജ്യത്തെ ജനങ്ങൾക്കു സുഖജീവിതത്തിനു വേണ്ടപ്പെട്ട എല്ലാ സാധനങ്ങളും, നിവൃത്തിയുള്ളിടത്തോളം ആ രാജ്യത്തിൽതന്നെ ഉണ്ടാക്കേണ്ടതാണ്. അങ്ങിനെ ആഹാരസാധനം തുടങ്ങിയ എല്ലാ വസ്തുക്കളും എല്ലാവൎക്കും ന്യായമായി കിട്ടുവാൻ മാർഗ്ഗമുണ്ടായാൽ ആ രാജ്യത്തു ക്ഷേമമെന്നു പറയുന്നു. പക്ഷെ, ഭക്ഷണവും മററു സാധനങ്ങളും ഇല്ലാഞ്ഞിട്ടല്ല പലരും കഷ്ടപ്പെടുന്നതു്. നമ്മുടെ ഇപ്പോഴത്തെ സ്ഥിതി നോക്കുന്നതായാൽ, പരക്കെ ഉള്ളതായ ചില കാൎയ്യമായ ദോഷങ്ങൾ കാണാവുന്നതാണ്. നല്ല വസ്ത്രങ്ങൾ ധരിക്കുന്നതിലും നല്ല സാധനങ്ങൾകൊണ്ടു വയറുനിറയ്ക്കുന്നതിലും ഉള്ള കഴിവു ധനംകൊണ്ടു സാധിക്കുന്നുണ്ടെങ്കിലും, മനസ്സിൽ നല്ല വിഷയങ്ങളെപ്പററിയും, നല്ല ആശയങ്ങളെപ്പററിയും ഉള്ള ആലോചനകൾ നടത്തുന്നതിലും, നല്ല നടവടികളിലും, ജനങ്ങൾക്കു ഉത്സാഹം കുറവായിട്ടാണു കാണുന്നതു്. ലോകത്തിൽ മനുഷ്യർ നിർമ്മിച്ചിട്ടുള്ളതെല്ലാം മനസ്സിൽനിന്നുത്ഭവിച്ചതാണ്. മോട്ടോർകാർ, ആകാശവിമാനം മുതലായവ ഈ നിലയിൽ എത്തിട്ടുള്ളതു് എത്രയോ ഏകാഗ്രതയോടുകൂടിയ ആലോചനയുടെ ഫലമാണ്. യൂറോപ്യർ ഭൌതികകാൎയ്യങ്ങളിൽ ശ്രദ്ധാലുക്കളും യന്ത്രം ഉപയോഗിക്കുന്നവരുമാണെങ്കിലും, അവരുടെ മനസ്സുകൊണ്ടുള്ള പ്രയത്നത്തിന്റെ ഫലമായിട്ടാണ് ഇവൎക്കു ഇത്രയൊക്കെ ചെയ്വാൻ സാധിച്ചിട്ടുള്ളതു്.

നാം ഭൌതികകാര്യങ്ങളിൽ തല്പരന്മാരല്ലെന്നും, മാനസികപ്രവൃത്തികളിൽ മാത്രം ഉൾപ്പെടുന്നവരാണെന്നും, നമ്മുടെ രാജ്യത്തു സന്യാസിമാരുണ്ടെന്നുംമററും പലപ്പോഴും നാം ഘോഷിക്കുന്നു. ഒരുകാലത്തു് അങ്ങനെ ആയിരുന്നിരിക്കാം. പക്ഷെ നാം ഇപ്പോൾ സാധനപ്രിയന്മാരും, തലകൊണ്ടു അധികം പ്രയത്നിക്കാത്തവരും മാത്രമാണ്. അതിന്റെ ഫലമായിട്ടാണു നാം ഇങ്ങനെ അധഃപതിച്ചതു്. സ്വരാജ്യം വേറൊരാൾ തരേണ്ടതോ, വിലയ്ക്കുവാങ്ങേണ്ടതോ അല്ല. നമ്മുടെ കർമ്മഫലമായി ദൈവം തരേണ്ടതാണ്. നമ്മുടെ നടവടിയിലും, ജീവിതത്തിലും പല ദോഷങ്ങളുണ്ടു്. ഒരു ദരിദ്രനാണെങ്കിൽ അവൻ കള്ളിനുപകരം 'റാക്കു' കുടിക്കാത്തതു പണം പോരാത്ത കാരണത്താലാണ്. അവൻ ഒരു ദിവസം പണിയെടുക്കുന്നതു പിറേറദിവസത്തെ പട്ടിണിപേടിച്ചിട്ടു മാത്രമാണ്. എന്റെ അറിവിൽ നൂറിൽ തൊണ്ണൂറു

പേക്ഷം നമുക്കു വിചാരിക്കാൻ കഴിയുന്ന സകല ദോഷങ്ങളും ഉണ്ടു്. നാലാംക്കു കൂടി ഒരുഭാൎയ്യ, ജ്യേഷ്ഠനും അനുജനുംകൂടി ഒരുഭാൎയ്യ, ഇങ്ങിനെയുള്ള സ്ഥിതിയും താണ ജാതിക്കാരുടെ ഇടയിൽ കണ്ടുവരുന്നു.

ധനികന്മാർ പല തരത്തിലും ഉണ്ടു്. കഷ്ടപ്പെട്ടു നല്ലപാഠം പഠിച്ചു ഒരുവൻ പണം സമ്പാദിച്ചു. പക്ഷെ അവൻെറ മക്കളെ ശരിയായി വളൎത്തിക്കൊണ്ടു വരേണ്ട ത്രാണി അവന്നു കാണുന്നില്ല. അവരുടെ വീടുകളിൽ ഒരു ചിട്ടയൊ കൃത്യമോ ഇല്ല. പണംകൊണ്ടു വാങ്ങാവുന്ന സാധനങ്ങൾ കൊടുത്തു ചിലരെ ചീത്തയാക്കുക— ഇതാണു് ഒരു ധനികൻെറ കൃത്യമെന്നുതോന്നും.

നമ്മുടെ രാജ്യത്തിന്നു പരക്കെ ബാധിച്ചിട്ടുള്ള മേൽകാണിച്ചമാതിരി പല വ്യാധികളെയും വ്യവസായംകൊണ്ടു മാററാമോ? വേണമെങ്കിൽ മാററാം. എന്നുമാത്രമല്ല നമ്മുടെ രാജ്യത്തെ എത്രയോ ക്ഷേമസ്ഥിതിയിൽ വരുത്തുവാനും സാധിക്കും. പക്ഷെ വ്യവസായശാലകൾ നടത്തുന്നതു പണത്തിന്നു് അത്യാഗ്രഹമുള്ളവരായിരിക്കരുതു്. അവർ സ്വമർ ത്യാഗികളായിരിക്കണം. ഒരു പ്രവൃത്തിശാലയുടെ നടത്തിപ്പിൻെറ ഗുണംകൊണ്ടു അധികം പണമുണ്ടായ്തുകൊണ്ടു തരക്കേടില്ല. പക്ഷെ അതിൻെറ നേതാക്കന്മാൎക്കു ധനത്തിനുള്ള ആഗ്രഹം പാടില്ല.

ഒരു രാജ്യത്തെ ധനം അവിടെയുള്ള ജനങ്ങളാണു്. അമേരിക്കയിലെ മോട്ടോർകാറുകളും, ഗംഭീരഎടുപ്പുകളും നശിച്ചുപോയാലും, ജനങ്ങൾ ബാക്കിയുണ്ടെങ്കിൽ അവൎക്കു പിന്നെയും ഉണ്ടാക്കാം. നമ്മുടെ സ്ഥിതി മോശമാണെങ്കിൽ അതിന്നുകാരണം നമ്മുടെ ജനങ്ങൾ മോശമായിട്ടുള്ളതാണു്. സ്വൎണ്ണത്തിൽ കലർപ്പുചേരുമ്പോൾ അതിൻെറ മാററിന്നു ഭേദംവരുന്നു. അതുപോലെ ജനങ്ങളെ രാജ്യം, രാജ്യമായി എടുത്താൽ മാററിന്നു വ്യത്യാസമുണ്ടു്. നമ്മുടെ മാററു നന്നാക്കിയാൽ മാത്രമേ നമുക്കു് അഭിവൃദ്ധിയുള്ളു.

നല്ല ഗുരുനാഥന്മാരുള്ള നല്ലതായ ഒരു വിദ്യാലയം ആണെങ്കിലും, ഒരു കുട്ടി അഞ്ചുമണിക്കൂർ മാത്രമേ അവിടെ താമസിക്കുന്നുള്ളു. ബാക്കി പത്തൊമ്പതു മണിക്കൂറും അവന്നു തോന്നിയപോലെ നടക്കാം. പിന്നെ ദരിദ്രന്മാർ അധികമുള്ള ഈ രാജ്യത്തു പണം ചെലവുചെയ്തു വിദ്യാഭ്യാസംചെയ്യാൻ അധികംപേരുണ്ടാകയില്ല. ഉപജീവിതത്തിനുള്ള ഒരു മാൎഗ്ഗം കാണിച്ചുകൊടുക്കാത്ത ഇപ്പോഴത്തെ സമ്പ്രദായത്തിലുള്ള വിദ്യാഭ്യാസംകൊണ്ടും വലിയ ഉപകാരമില്ല.

നമ്മുടെ രാജ്യത്തിൻെറ അഭിവൃദ്ധിക്കു അത്യാവശ്യം ഇപ്പോഴത്തെ വിദ്യാഭ്യാസത്തെക്കാൾ, വ്യവസായാഭ്യാസമാണു്. അതിന്നു പുതിയരീതിയിലുള്ള വ്യവസായശാലകൾ വേണം. ഒരു വ്യവസായശാലയെ ഒരു വലുതായ കുടുംബത്തെപ്പോലെ കരുതി അതിലുള്ള പ്രവൃത്തിക്കാൎക്കു താമസിക്കാനും, വിദ്യ അഭ്യസിക്കാനും, അവരെ

ചികിത്സിക്കാനും മററു എല്ലാ ഏപ്പാടും ചെയ്യണം. പത്തുവയസ്സായ ഒരു കുട്ടിക്ക് അന്യസഹായംകൂടാതെ ജീവിക്കാനുള്ള വഴി ഉണ്ടാക്കിക്കൊടുക്കണം. അതായതു നാലു മണിക്കൂർ ഒരു ശാലയിൽ പ്രവൃത്തിഎടുത്താൽ അതുകൊണ്ടു ഒരുവന്റെ ചിലവുകഴിഞ്ഞു നാലുമണിക്കൂർ ഒരു വിദ്യാലയത്തിൽ പഠിക്കുവാൻ സാധിക്കണം. വിദ്യാഭ്യാസത്തിനുള്ള ഏപ്പാടുകളും ഒരു പ്രവൃത്തിശാലയെസംബന്ധിച്ചു വേണ്ടതാണ്. അതുകൊണ്ടു വ്യവസായത്തിനു നഷ്ടമില്ല. പ്രവൃത്തിക്കാരെ നന്നാക്കിയാൽ പ്രവൃത്തി നന്നാകയും, അധികം പ്രവൃത്തി തീരുകയും ചെയ്യും. അവരുടെ ജീവിതത്തിന്റെ ബുദ്ധിമുട്ടുകൾ തീൎത്തുകൊടുത്താൽ അവൎക്കു അധികസമയം അവരുടെ പ്രവൃത്തിയെപ്പററി ആലോചിക്കാൻ സാധിക്കും. പശുവിനെ നല്ലവണ്ണം രക്ഷിച്ചാൽ പാലിനു ക്ഷാമമുണ്ടാകയില്ല. അതുപോലെതന്നെ വ്യവസായത്തിലും ഏൎപ്പെടുന്നവൎക്കു ഗുണം ചെയ്യുന്നതുകൊണ്ടു വ്യവസായത്തിനു ദോഷംവരികയില്ല.

എന്നാൽ മേല്പറഞ്ഞ രീതിയിൽ ജനങ്ങളെ നന്നാക്കുവാൻ വ്യവസായസ്ഥാപനങ്ങൾതന്നെ വേണമോ? ഒന്നാമത് വ്യവസായം നന്നായി നടത്തിയാൽ പണത്തിനു സകലരേയും ബുദ്ധിമുട്ടിക്കാതെ കഴിയും. പിന്നെ ഗുണമായിട്ടുതന്നെ നാം വല്ലതും ചെയ്യുമ്പോൾ ജനങ്ങൾ അതിന്നു വഴിപ്പെടണമെങ്കിൽ നമുക്കു അതിന്നുള്ള അധികാരം വേണം. മദ്യപാനം പാടില്ല എന്നു പ്രസംഗിക്കുകമാത്രം ചെയ്താൽ ഫലം വളരെ കുറവാണ്. മദ്യപാനം നിൎത്തൽചെയ്യാത്തവരെ പ്രവൃത്തിയിൽനിന്നു തള്ളുമെന്നുപറഞ്ഞാൽ ഫലം അധികമുണ്ടാകും. പല ദുൎഗ്ഗുണങ്ങളും തികഞ്ഞ നമ്മുടെ ജനങ്ങളെ നന്നാക്കുവാൻ ആഗ്രഹിക്കുന്നവർ വ്യവസായംവഴി നോക്കേണ്ടതാണ്. സാധാരണയായി ധനത്തിനു മോഹമുള്ളവർ മാത്രമാണു വ്യവസായത്തിന്നു പുറപ്പെടുന്നതു്. യൂറോപ്പിലും അങ്ങിനെതന്നെയാണ്. അതിന്നു പകരം സല്ക്കൎമ്മം ചെയ്യണമെന്നുള്ളവരും, നമ്മുടെ രാജ്യം ശ്രേയസ്സായി വരേണമെന്നുള്ളവരും വ്യവസായം ചെയ്യാൻ തുടങ്ങിയാൽ നമ്മുടെ രാജ്യം, രാമരാജ്യംതന്നെയാകും. വളരെക്കാലം ആലോചിച്ചിട്ടും ഇതിലധികം നല്ലവഴി ഞാൻ കണ്ടിട്ടില്ല. അതായതു് സമുദായത്തെ സഹായിക്കുവാൻ വിചാരിക്കുന്നവൎക്കു തങ്ങളുടെ സകലഗുണങ്ങളും പ്രകടിപ്പിക്കുവാൻ വ്യവസായംതന്നെയാണു ഏററവും പററിയതു്. രാവിലെ കുളിക്കുക, മിതമായ ഭക്ഷണം കഴിക്കുക, വൃത്തിയായി നടക്കുക, വണക്കത്തിലും മൎയ്യാദയിലും പെരുമാറുക, പ്രവൃത്തി ശുഷ്കാന്തിയോടേ എടുക്കുക, വൈകുന്നേരം കുറച്ചു സമയമെങ്കിലും ഈശ്വരനെ ധ്യാനിക്കുക, എഴുതാനും വായിക്കാനും പഠിക്കുക, നല്ല വിഷയങ്ങളിലേക്കു് മനസ്സിനെ പ്രേരിപ്പിക്കുക ഇങ്ങിനെ നല്ല നടപടികളെ പ്രവൃത്തിക്കാരെ ശീലിപ്പിക്കാനും, സാമാനം ഉണ്ടാക്കി വിൽക്കാനുമായി എത്ര ഗംഭീരനായ സമുദായസ്നേഹിക്കും വേണ്ടത്ര ചെയ്വാനുണ്ടു്.

നമ്മുടെ രാജ്യത്തു ധനമുണ്ടോ?

ഒരു വ്യവസായം തുടങ്ങുവാൻ ധനം വേണം. ആ ധനത്തെ വേണ്ടവിധത്തിൽ ഉപയോഗിക്കാൻ പ്രാപ്തിയുള്ള വിദ്യാനിപുണന്മാരുംവേണം. ഇന്ത്യയിൽ ധനമില്ലെന്നുപറയുന്നതു് ശരിയല്ല. ധനം അടിയിൽക്കിടക്കുകയാണു ചെയ്യുന്നതു്. സുമാർ ഇരുപതുലക്ഷം ചതുരശ്രനാഴിക വിസ്തീർണ്ണമുള്ള ഇന്ത്യയിൽ മലബാറിന്റെ വലിപ്പം ആറായിരം ചതുരശ്രനാഴികമാത്രമാണു്. മലബാറിൽ കൃഷിക്കു പററിയ സ്ഥലങ്ങൾ, പാടങ്ങൾ ആറു ലക്ഷം ഏക്കറുണ്ടു്. നല്ല കൃഷിസ്ഥലത്തിനു ഏക്കറിനു ആയിരം ഉറുപ്പിക വിലവെച്ചാൽ ആകപ്പാടെ കൃഷിസ്ഥലത്തിനു മാത്രം ൬൦ കോടി ഉറുപ്പിക വിലയായി. ആറായിരം ചതുരശ്രനാഴികയിൽ പിന്നെയും ൫൦൦൦ ചതുരശ്രനാഴിക കാടും, പറമ്പുമായിക്കിടക്കുന്നു. സുമാറു ൧൫൦ കോടി ഉറുപ്പിക മലബാറിൽ ഭൂമിയിൽ കിടക്കുന്നുണ്ടു്. ഇത്ര അധികം പണം ഇങ്ങിനെ കിടക്കുന്നതിനു നൂററിനു രണ്ടുവീതമെങ്കിലും കൊല്ലത്തിൽ പലിശയില്ല. ഈ ധനത്തിൽ ഒരു പത്തു കോടിരൂപാ വ്യവസായത്തിൽ ഇറക്കിയാൽ എത്ര നന്നായിരുന്നു. ഭൂമി കിട്ടാനില്ലയേ ഉള്ളു. വാങ്ങാൻ എത്രയെങ്കിലും ആളുകൾ ഉണ്ടു്. വടക്കേമലയാളത്തിൽ നൂററിനു ഒന്നു പലിശ ആയാലും ഭൂമിവാങ്ങുവാൻ ആളുകൾ തയ്യാറുണ്ടു്.

ഒരു വ്യവസായംകൊണ്ടു നൂററിനു അമ്പതൊ അധികമോ പലിശ കിട്ടാവുന്നതാണു്. പക്ഷെ അതിനു നമ്മുടെ ജനങ്ങൾക്കു ധൈര്യമില്ല. ധനം കുഴിച്ചിട്ടു നാതുകൊണ്ടു ലോകം ജീവിക്കയില്ല. ധനത്തെ വിനിയോഗിച്ചാൽമാത്രമേ അഭിവൃദ്ധിയുണ്ടാകുകയുള്ളു. അമേരിക്കയുടെ അഭിവൃദ്ധിക്കു കാരണം അവർ ധനം ന്യായമായി ഉപയോഗിച്ചതുകൊണ്ടുമാത്രമാണു്. നമ്മുടെ രാജ്യത്തെ ജനങ്ങൾ ന്യായമായി ഉത്സാഹിച്ചു വേണ്ട കാര്യങ്ങളിൽ പ്രവേശിക്കുന്നതായാൽ നമുക്കു മററു രാജ്യങ്ങളെക്കാൾ ഉന്നതിയിൽ കഴിയാവുന്നതാണു്.

ജനങ്ങൾ.

ധനത്തിൻപുറമേ ജനവുംവേണം. എഞ്ചിനീയറിങ്ങു് എന്ന വിഷയം ഇന്നു് എത്രയോ കടന്ന നിലയിലെത്തിയിരിക്കുന്നു. എഞ്ചിനീയർമാരാണു് ആകാശവിമാനംമുതലായവ ഉണ്ടാക്കുന്നതു്. ഏകദേശം നൂറുതരം എഞ്ചിനീയർമാരുണ്ടു്. പാലംകെട്ടുന്ന എഞ്ചിനീയർ, യന്ത്രങ്ങളെപ്പററി അറിയുന്ന എഞ്ചിനീയർ, കെട്ടിടങ്ങളുടെ പണി നിശ്ചയമുള്ള എഞ്ചിനീയർ എന്നിവരെല്ലാം ആശാരി, കരുവാൻ, കല്ലാശ്ശാരി, മൂശാരി മുതലായവർ മൂത്തിട്ടായതാണു്. നമ്മുടെ കൈവേലക്കാർ പലതരത്തിലും ഉണ്ടു്. ഒരു കരുവാനെ എഴുതാനും, വായിക്കാനും, കുറച്ചു കണക്കും മററു ചില പുതിയ വിദ്യകളും പഠിപ്പിച്ചാൽഅവൻ ഒരു മെക്കാനിക്കൽ എഞ്ചിനീയരായി. അതുപോലെ നമ്മുടെ സകലതരം തൊഴിലാളികളേയും അവരവരുടെ വിദ്യയെ ഉയന്നരീതിയിൽ പഠിപ്പിച്ചാൽ, അവർ യൂറോപ്പിലെ വലിയ എഞ്ചിനീയർമാരേപ്പോലെയാകും.

അതായത് വ്യവസായത്തിന്റെ ഉദ്ദേശം സാധനം ഉണ്ടാക്കുക മാത്രമല്ല. ശാസ്ത്രവിദഗ്ദ്ധന്മാരെ ഉണ്ടാക്കുകയും അതിൽ ഉൾപ്പെടുന്നു. ഓരോരുത്തനെ അവനവന്റെ വിഷയത്തിലേക്കു പ്രോത്സാഹിപ്പിക്കണം. ഇങ്ങിനെ എല്ലാവരേയും നന്നാക്കിയാൽ അതുതന്നെയാണു രാജ്യത്തുള്ള വലുതായ ധനം.

പ്രവൃത്തിക്കാരെ ഒരുവക മൃഗങ്ങളുടെമാതിരി നോക്കിയാൽ, ഇന്ത്യാരാജ്യവും മൃഗസ്ഥിതിയിലിരിക്കും.

വ്യവസായദോഷം.

ഒരു കാലത്തു വളരെ ബുദ്ധിമുട്ടിക്കഴിഞ്ഞിരുന്ന യൂറോപ്പിലെ പ്രവൃത്തിക്കാർക്കു ഇപ്പോൾ വലിയ അവസ്ഥയാണ്. സിഗററ്റ്, ബീയർ, സിനിമ, വയർലസ്സ്, മോട്ടാർസഞ്ചാരം എന്നിങ്ങനെ പലതുംകൂടാതെ അവർക്കു ഇപ്പോൾ ജീവിക്കാൻ വയ്യാതായിരിക്കുന്നു. അങ്ങിനെ അവസ്ഥയിൽ കഴിയാൻതക്കവണ്ണം ശമ്പളംകിട്ടാതെ വരുമ്പോൾ അവർ ലഹളയ്ക്കു പുറപ്പെടുന്നു. ബീയർ കുടിക്കുന്നവൻ, ബ്രാണ്ടികുടിക്കുവാനായിട്ടു അവനു അധികം ശമ്പളം വേണമെന്നു പറയുന്നു. ഇങ്ങിനെ പല ലഹളങ്ങളും യൂറോപ്പിനെ ബാധിച്ചിട്ടുണ്ട്. നാം വ്യവസായത്തിന്നു പുറപ്പെടുമ്പോൾ ഇതൊക്കെ മനസ്സിലാക്കണം. പ്രവൃത്തിക്കാരെ നല്ല നടവടികൾ ശീലിപ്പിക്കാത്ത പക്ഷം, ചീത്തയാക്കിയ മകൻ അച്ഛനെ ഉപദ്രവിക്കുമെന്ന തരത്തിലാണു സംഭവിക്കുക. മതസംബന്ധമായി പുരാണങ്ങളെ അടിസ്ഥാനമാക്കി ഉപദേശിച്ചാൽ നമ്മുടെ ജനങ്ങൾക്കു വേഗം മനസ്സിലാകും. എന്തെന്നാൽ എത്ര ദരിദ്രനും ഇന്ത്യയിൽ മതവിശ്വാസമുണ്ട്.

മേല്പറഞ്ഞവ എത്രയോ ഗൗരവമേറിയ വിഷയങ്ങളാണ്. മേല്പ്പറഞ്ഞകാര്യങ്ങളിൽ ശ്രദ്ധവെച്ചാൽ സ്വർണ്ണംകുഴിച്ചെടുക്കുന്നതോ, മോട്ടാർകാർ ഉണ്ടാക്കുന്നതൊ, എത്രയോ എളുപ്പമാണ്. വ്യവസായങ്ങൾ എന്തുതരത്തിലാണുള്ളതെന്നു കണക്കില്ല. ഇന്ന വ്യവസായമേ ഇന്ന ദിക്കിൽ നന്നാകയുള്ളു എന്നില്ലതാനും.

ഇരുമ്പു ഉരുക്കുക, വാർക്കുക, എന്ന വിഷയങ്ങൾമാത്രം പഠിച്ചതുകൊണ്ടു ഇരുമ്പുവ്യവസായം നടക്കയില്ല. ഇരുമ്പിനെപ്പററി നാം പഠിക്കുന്നത്രതന്നെ മനുഷ്യനെപ്പററി പഠിക്കേണം—അതായത് വ്യവസായനേതാക്കന്മാർ മനുഷ്യനെ കരുതാതെ സാധനത്തെമാത്രംനോക്കി പണിനടത്തിയാൽ അപകടമുണ്ട്. ബോംബേയിലുംമററും പ്രവൃത്തിക്കാരെ തോന്നിയ വഴിക്കു വിട്ടതുകൊണ്ടു അവർ സംഘമായി എത്രയോലക്ഷംപേർ ഒരേസമയത്തു പ്രവൃത്തി നിർത്തി കലശലായ നഷ്ടങ്ങൾ വരുത്തുന്നു. യന്ത്രങ്ങൾക്കു ശരിയായി എണ്ണ കൊടുത്തതുകൊണ്ടു യന്ത്രം നടക്കയില്ല. പ്രവൃത്തിക്കാർക്കും എണ്ണ കൊടുക്കണം നമ്മുടെ സ്വാതന്ത്ര്യത്തിനു അവരെക്കൊണ്ടു പണിയെടുപ്പിക്കുക. എന്നു വരരുത്. പണി ഇരുവരുടേയും ക്ഷേമത്തിനാണെന്നു തോന്നണം.

മേലെഴുതിയ രീതിയിൽ നാം വ്യവസായത്തിന്നു പുറപ്പെട്ടാൽമാത്രമേ നമുക്കു വ്യവസായാഭിവൃദ്ധിയുണ്ടാകയുള്ളു എന്നാണ് എനിക്കു ഇന്ത്യയിലും യൂറോപ്പിലുംമററും അനുഭവപ്പെട്ടിട്ടുള്ളതിൽനിന്നു തോന്നുന്നത്.

തിരുവിതാംകൂറിലെ കേരവ്യവസായം.

(എം. കെ രാമകൃഷ്ണപിള്ള, ഇടഗ്രാമം.)

ജനസംഖ്യ വദ്ധിക്കുകയും ഉല്പാദനം കുറയുകയും ചെയ്യുമ്പോൾ, ഓരോവ്യക്തികളുടേയും നിത്യവൃത്തിക്കുള്ള വരവ് ക്രമേണ കുറഞ്ഞുകുറഞ്ഞു പോകുകയാണു ചെയ്യുന്നതു്. ഇതാണ് തിരുവിതാംകൂറിൻെറ ഇന്നത്തെ സ്ഥിതി.

ഏകദേശം ഒരു ശതാബ്ദത്തിനുമുമ്പു ഗ്രേററ്ബ്രിട്ടൻ ഉൽപ്പാദനങ്ങളേയും വ്യവസായങ്ങളേയും സംബന്ധിച്ചടത്തോളം മുന്നണിയെ പ്രാപിച്ചിരുന്നു. തന്നിമിത്തം ഗ്രേററുബ്രിട്ടൻ ശീഘ്രഗതിയിൽ ധനാർജ്ജനംചെയ്യുന്നതുകണ്ടു ജമ്മനി, സ്വീഡൻ, ഫ്രാൻസ് എന്നിരാജ്യങ്ങൾ ഗ്രേററ്ബ്രിട്ടനെ അനുകരിച്ചു കൃഷിവ്യവസായങ്ങളിലേർപ്പെട്ടു. അനന്തരം അമേരിക്കയിലെ ഐക്യനാട്ടുകളും കാനഡ, ജപ്പാൻ എന്നിരാജ്യങ്ങളും ഈ മാറ്റം സ്വീകരിച്ചു. ഇങ്ങനെ ലോകത്തിലെ പ്രധാനരാജ്യക്കാരെല്ലാം വ്യവസായങ്ങളേയും കൈത്തൊഴിലുകളേയും പരിപുഷ്ടിപ്പെടുത്തുന്നതിനായി ശ്രദ്ധിച്ചുതുടങ്ങി. അതോടുകൂടി വ്യാവസായികപോഷണം പരിഷ്കൃതജീവിതത്തിൻെ ഒരു പര്യായമായിട്ടുതന്നെ ഇപ്പോൾ ലോകം വ്യക്തമായി ഗണിക്കപ്പെട്ടിരിക്കുന്നു.

തിരുവിതാംകൂറിലെ വാണിജ്യവ്യവസായങ്ങൾ കഴിഞ്ഞ കുറെകൊല്ലങ്ങളായി വളന്നുകൊണ്ടിരിക്കുകയാണു്. ഈ രാജ്യത്തിൻെറ വിസ്താരം ൭൬൦൦ ച. മൈൽ മാത്രമാണെങ്കിലും ഇതിൽ ഏകദേശം പകുതിയോളം സ്ഥലം കായലുകളാലും മലകളാലും ആവൃതമായിരിക്കുന്നു. ൧൦൯൬ ലെ സെൻസ്സസ് കണക്കിൻപ്രകാരം ഒരു ച. മൈലിനു 668-പേർവീതം ആലംബമായിരിക്കുന്നു. എന്നാൽ സമുദ്രതീരങ്ങളിലെ ജനനിബിഡത ച. മൈൽഒന്നിനു 2186 വീതമായി വർദ്ധിച്ചുകാണുന്നുണ്ടു്. വ്യവസായത്തിലേപ്പെട്ടിരിക്കുന്നവരുടെ സംഖ്യ 326000-ആകുന്നു. അവരിൽ 93 ശതമാനം പേരും കുടിൽവ്യവസായികളാണ്. കൂട്ടുവ്യവസായശാലകളിൽ ഏർപ്പെട്ടിരിക്കുന്നവർ 7-ശതമാനം മാത്രമാകുന്നു. അതിനാൽ ഈ രാജ്യത്തെ കൃഷി നന്നാക്കുന്നതിനുപുറമെ പദാത്ഥനിർമ്മാണപരമായുള്ള വ്യവസായങ്ങളിലും നമ്മുടെ നാട്ടുകാർ വേണ്ടപോലെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അല്ലാതെ ജനസംഖ്യ ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ രാജ്യവാസികളുടെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ സാധിക്കുകയില്ല. ഇവിടത്തെ പ്രകൃതിവിഭവങ്ങളുടെ സുലഭതകണ്ടു വിദേശിയർ ഇവിടെ പലതരം വ്യവസായങ്ങളും അഭിവൃദ്ധിപ്പെടുത്താമെന്നു അഭിപ്രായപ്പെടുന്നുണ്ടു്. എന്നാൽ വ്യവസായതല്പരനായ ഒരുവനു ഏതൊന്നുംതന്നെ തുടങ്ങുന്നതിനുള്ള പ്രാഥമിക വിവരങ്ങൾ ലഭിക്കുന്നില്ല. അതിനാൽ ഒരു വ്യാവസായിക സവെ്വആണ് ആദ്യമായി നമുക്കു വേണ്ടി

യിരിക്കുന്നതു്. ശരിയായ ഒരു വ്യാവസായികസർവെ നടത്താമെങ്കിൽ സാദ്ധ്യതരങ്ങളായ അനേകതരം വ്യവസായങ്ങൾ ഇവിടെ ആവിർഭവിക്കാനിടയുണ്ടു്.

പാശ്ചാത്യരാജ്യങ്ങളിൽ ഒരാളിൻെറ ഒരാണ്ടത്തെ ശരാശരിവരവു് 500—700-വരെ രൂപയാണു്. ഇവിടേയോ കഷ്ടിച്ചു 40 രൂപാമാത്രമാകുന്നു. അതുപോലെതന്നെ അവിടെ കച്ചവടത്തിൽനിന്നുള്ള വരവു് 400—500-വരെ രൂപായായിരുന്നിട്ടും ഇവിടെ 30 രൂപായിൽ അധികമാകുന്നില്ല. കൂടാതെ തിരുവിതാംകൂറിൽ വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവരുടെ സംഖ്യയും പ്രതിദിനം കുറഞ്ഞുകൊണ്ടിരിക്കുന്നു. 1921-ൽ 1000-ന് 221-പേർ വീതമുണ്ടായിരുന്ന വ്യവസായികളുടെ എണ്ണം 1931-ൽ 146 പേർ വീതമായി കുറഞ്ഞിട്ടുണ്ടു്. ഇതു് ഈ നാട്ടിലെ ക്ഷേമാഭിവൃദ്ധിക്കു പര്യാപ്തമല്ല. എല്ലാപരിഷ്കൃതരാജ്യങ്ങളിലും ജനങ്ങൾക്കു് വർദ്ധമാനമായ കൃഷിയിൽനിന്നും ലഭിക്കുന്നതിനേക്കാൾ കൂടുതൽ ആദായം വ്യവസായങ്ങളിൽനിന്നും കൈത്തൊഴിലുകളിൽനിന്നും സിദ്ധിച്ചുപോരുന്നുണ്ടു്. അമേരിക്കയിലെ ഐക്യനാടുകൾ, സ്വീഡൻ, ജർമ്മനി മുതലായ രാജ്യങ്ങളിലെ മുതലെടുപ്പിൽ ഏറിയഭാഗവും വാണിജ്യവ്യവസായങ്ങളിൽനിന്നുമാണു്. തിരുവിതാംകൂറിലെ ഭൂനികുതിയിൽ ആറിൽ ഒരു ഭാഗവും (1/6) ചുങ്കമുതലെടുപ്പിൻെറ പകുതിഭാഗവും (1/2) നാളികേരവ്യവസായങ്ങളിൽനിന്നുമാണു് കിട്ടിവരുന്നതു്. ഈ രാജ്യത്തിലെ ഏകദേശം 35 ലക്ഷം ജനങ്ങളുടെ സർവ്വപ്രധാനമായ കാലക്ഷേപമാർഗ്ഗവും ഇതുതന്നെയാണു്. തന്നിമിത്തം ഈ വ്യവസായത്തിനു് എത്രത്തോളം ഇടിവു് സംഭവിക്കുമോ അത്രത്തോളം ജനങ്ങളുടെ കാലക്ഷേപമാർഗ്ഗവും മുട്ടുന്നതായി വിചാരിക്കാം. അതിനാൽ ഈ വ്യവസായത്തിൻെറ പുരോഗതിക്കു പര്യാപ്തമായ മാർഗ്ഗങ്ങളെ പ്രധാനമായി ചിന്തിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഈ നാട്ടിൽ വ്യവസായത്തിനു് എത്രമാത്രം അഭിലഷണീയമായ പുരോഗതി സിദ്ധിക്കുമോ അത്രത്തോളം നമ്മുടെ ധനസ്ഥിതിയും തൃപ്തികരമായിരിക്കും. പരിഷ്കൃതരീതിൽ കൃഷിചെയ്യാതെ, കേവലം മാമൂലിനെമാത്രം അടിസ്ഥാനമാക്കി കൃഷിചെയ്യുന്നപക്ഷം നഷ്ടം സംഭവിക്കുന്നതാണു്. നെല്ലിനും തെങ്ങിനും ആവശ്യമുള്ള എല്ലാ സാധനങ്ങളും അവ വളരുന്ന മണ്ണിൽ ഉണ്ടായിരിക്കുകയില്ല. അതിനാൽ അവ ഏതെല്ലാമാണെന്നറിഞ്ഞു ആവശ്യമുള്ളവ കൂടുതലായി ചേർത്തു കൃഷിചെയ്യുന്നതിൽ കൃഷികന്മാർ പ്രത്യേകം ശ്രദ്ധിക്കണം. ഒരു മനുഷ്യനു് ജീവിക്കുന്നതിനു് പോഷകാംശങ്ങൾ ധാരാളമുള്ള പദാർത്ഥങ്ങൾതന്നെ കൂടിയേതീരൂ എന്നില്ല. വിശപ്പു മാററുന്നതിനു് കഞ്ഞിവെള്ളവും മരിച്ചീനിക്കിഴങ്ങും മാത്രം കഴിച്ചു ജീവിക്കുന്നവരുണ്ടു്. എന്നാൽ അവൻെറ ശരീരസ്ഥിതി പരിശോധിക്കുമ്പോൾ അവൻ കഴിക്കുന്ന ആഹാരസാധനങ്ങളുടെ ഏററക്കുറച്ചിൽ സ്പഷ്ടമാകും. ഇതുപോലെതന്നെ ഒരു ചെടി കരിഞ്ഞുപോകാതെ പച്ചനിറത്തിൽ വളരുന്നതുകൊണ്ടുമാത്രം അതിനു ആവശ്യമുള്ള

ആഹാരസാധനങ്ങൾ ധാരാളം കിട്ടിവരുന്നുണ്ടെന്നു് വിശ്വസിച്ചുപോരുന്നതും ഒരു ചെടി എത്രമാത്രം കാഫലം തരുന്നുവോ അത്രമാത്രം അതിനു വേണ്ടുന്ന എല്ലാ സാധനങ്ങളും സിദ്ധിക്കുന്നുണ്ടെന്നു് അനുമാനിക്കാം.

തിരുവിതാംകൂറിന്റെ കടൽതീരങ്ങൾ മുഴുവൻ തെങ്ങുകളെക്കൊണ്ടു് നിബിഡമായിരിക്കുന്നു എങ്കിലും, അവയിൽ ആകൎഷണീയമായ വളൎച്ചയിൽ കാണുന്നവ വളരെ കുറവാണു്. കാരണം കൃഷിയേയും, വളമിടലിനേയും സംബന്ധിച്ചുള്ള കൎഷകരുടെ അജ്ഞാനമാകുന്നു. സാധാരണയായി തെങ്ങുകൃഷി ചെയ്യുന്നതു് ഒരു കുഴികുഴിച്ചോ അല്ലെങ്കിൽ ജലപ്രവാഹമുള്ള സ്ഥലത്തു മണ്ണുവെട്ടിക്കൂട്ടി തൈവെയ്ക്കുകയോ ആണു്. കന്നുകാലികളുടെ ഉപദ്രവം ഉണ്ടാകുമെങ്കിൽ തൈകളുടെ ചുററുമായി ഒരു ചെറിയ വേലിയും കെട്ടിയിരിക്കും. ഇത്രയുമായാൽ പിന്നെ അതു കാഫലമാകുന്നതുവരെ അതിന്റെ വളൎച്ചക്കു യാതൊന്നുംതന്നെ ചെയ്യുകയില്ല. തെങ്ങിന്റെ വളൎച്ചക്കു സൂൎയ്യപ്രകാശം അത്യാവശ്യം വേണ്ടിയിരിക്കുന്നതിനാൽ, തൈകൾ വളരെ അടുപ്പിച്ചു് നടുന്നതും തീരെ നന്നല്ല. ശാസ്ത്രീയമായി നോക്കുന്നപക്ഷം ഒരേക്കർ സ്ഥലത്തു് 70 മൂട്ടു് തെങ്ങിൻതൈകൾ മാത്രമെ നടുവാൻ പാടുള്ളു. നാളികേരം ദീൎഘകാലത്തേക്കു് അനുഭവമുള്ള ഒരു വിളവാണല്ലോ. ഒരു തെങ്ങു നട്ടാൽ കാഫലം തുടങ്ങുന്നതിനു് പത്തുകൊല്ലംവരെ വേണ്ടിവരും. കാച്ചുതുടങ്ങിയാൽ 50 കൊല്ലത്തേക്കു നല്ലവണ്ണം കാച്ചുകൊണ്ടിരിക്കും. അതിനാൽ കാഫലമുള്ള തെങ്ങുകളുടെകീഴിൽ തൈകൾ വെച്ചു പിടിപ്പിക്കുവാൻ സൌകൎയ്യമുണ്ടു്. വലിയ വൃക്ഷങ്ങൾ കാഫലം മാറുമ്പോൾ തൈകൾ കാഫലം ആരംഭിക്കും. ഇങ്ങനെ നാളികേരത്തോപ്പുകൾ എപ്പോഴും ആദായകരവും കാഴ്ചയ്ക്കു മനോഹരവുമാക്കിത്തീൎക്കാവുന്നതാണു്.

എന്നാൽ കഴിഞ്ഞ ലോകമഹായുദ്ധത്തിനുശേഷം ഇവിടത്തെ നാളികേരവ്യവസായികൾക്കു രണ്ടുതരത്തിലുള്ള ഇടിവാണു് സംഭവിച്ചിട്ടുള്ളതു്. ഒന്നാമതു് നാളികേരസാധനങ്ങൾക്കു പകരം മററു സാധനങ്ങൾ ഉപയോഗിക്കാമെന്നു കണ്ടുപിടിച്ചതും മറേറതു് വിദേശിയർ ധാരാളം പണം മുടക്കി വിദേശങ്ങളിൽ നാളികേരത്തോപ്പുകൾ ഉണ്ടാക്കിത്തുടങ്ങിയതുമാണു്. ഇപ്പോൾ ലോകത്തിലുള്ള എല്ലാ കമ്പോളങ്ങളിലുംകൂടി ഒരാണ്ടിൽ ചിലവാകുന്ന നാളികേരങ്ങളോളം അധികം വന്നിരിക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. 1918-ൽ തിരുവിതാംകൂറിൽ 459882 ഏക്കർ സ്ഥലത്തു തെങ്ങുകൃഷി ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നു. എന്നാൽ 1928-ൽ 562356 ഏക്കറായി വർദ്ധിച്ചിട്ടുണ്ടു്. അതിനുശേഷം പ്രതിവർഷം 20 ശതമാനംവീതം വർദ്ധനവും ഈ വകുപ്പിൽ ഉണ്ടാകുന്നുണ്ടു്. എങ്കിലും തെങ്ങുകൃഷിക്കുപയോഗിക്കുവാൻ ആറലക്ഷം ഏക്കർ സ്ഥലം തിരുവിതാംകൂറിൽ ഇനിയും കിടപ്പുണ്ടു്. സാമ്പത്തികാധഃപതനത്തെക്കുറിച്ചു് അന്വേഷിക്കാൻ നിയമിച്ച കമ്മററിക്കാർ ഈ സംസ്ഥാ

നത്തെ ഉപയോഗത്തിനു് ചിലവാകുന്ന നാളികേരത്തിന്റെ എണ്ണം 25 കോടിയാണെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ കിട്ടിവരുന്ന നാളികേരങ്ങൾ മുമ്പു് കൃഷിചെയ്ത തെങ്ങുകൾക്കായി ഭാഗിക്കുന്നപക്ഷം ഇവിടെ ഏക്കറൊന്നിനു് പ്രതിവർഷം 1400 നാളികേരങ്ങൾവിതം ലഭിക്കുന്നുണ്ടെന്നു മനസ്സിലാക്കാം. കൂടാതെ തെങ്ങിൻപുരയിടങ്ങളുടെ മേലുള്ള ശരാശരി കടബാദ്ധ്യത ഏക്കറൊന്നിന് 400-ൽ പരം രൂപയാണു്. ഈ നാട്ടിലെ തീരപ്രദേശങ്ങളിൽ 31.6 ശതമാനം വസ്തുക്കളും തെങ്ങിൻപുരയിടങ്ങളാകുകയാൽ തദ്ദേശവാസികൾ ഇടനാട്ടുവാസികളെ അപേക്ഷിച്ചു കൂടുതൽ ഋണഭാരം വഹിക്കുന്നവരായിരിക്കുന്നു. ഇതിനുള്ള പ്രധാനകാരണം പലിശ കൂടുതലാണ്. പലിശ, കൃഷിച്ചെലവു, കരം മുതലായവയുൾപ്പെടെ പ്രതിവർഷം 70 രൂപയ്ക്കുമേൽ ഇവിടത്തെ ഒരേക്കർ തെങ്ങിൻപുരയിടത്തിനു ചെലവുണ്ടു്. എന്നാൽ വരവാകട്ടെ പ്രതിവർഷം 30 രൂപായിൽ ഒട്ടും കവിയുന്നില്ല. ഇങ്ങനെ ചിലവാകുന്നതിന്റെ പകുതി മാത്രമെ ഇവിടത്തെ നാളികേര വ്യവസായികൾക്കു സിദ്ധിക്കുന്നുള്ളു. അതിനാൽ ഈ വ്യവസായത്തിന്റെ പുരോഗതിക്കു തെങ്ങിൽ നിന്നും കിട്ടുന്ന എല്ലാ സാധനങ്ങൾക്കും വ്യവസായീകരണംമൂലം കൂടുതൽ ആദായം സമ്പാദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണു്. (തുടരും)

ഡെൻമാർക്കിന്റെ കാർഷികമാതൃക.

1850-ലാണു് കർഷകർക്കു് ധനസഹായം ചെയ്യുന്നതിനായുള്ള പരസ്പരസഹായസംഘങ്ങൾ ഡൻമാക്കിൽ സ്ഥാപിതങ്ങളായതു്. ഈ സംഘങ്ങൾക്കു് ആവശ്യമുള്ളപണം ഗവർമ്മെണ്ടിൽനിന്നു നേരിട്ടു ദീർഘകാലത്തെ കാലാവധിക്കു കടം കൊടുക്കുന്നു. ഈ പണം കോഓപ്പറേറ്റീവ് സംഘങ്ങൾ അറുപതുകൊല്ലത്തിൽ കുറയാതെയുള്ള കാലാവധിക്കു കർഷകനു കടംകൊടുക്കുന്നു കർഷകനാകട്ടെ, അവന്റെ വസ്തുക്കൾ ഈടുകൊടുത്തുകൊണ്ടാണു് ഇങ്ങിനെ പണം കടം വാങ്ങിക്കുന്നതു്.

ഇന്നു ഡൻമാക്കിൽ ഭൂസ്വത്തില്ലാത്ത കർഷകർ വളരെ ചുരുക്കമാണു്. ചുരുക്കം ചിലരുടെ കൈവശത്തിൽ ഇരുന്നിരുന്ന വലിയ ഭൂസ്വത്തുക്കളെല്ലാം ഗവർമ്മെണ്ടിൽ നിന്നും വിലയ്ക്കെടുത്തു ഖണ്ഡംഖണ്ഡമാക്കി ഓരോകുടുംബത്തിനും എന്ന കണക്കിനു, പല ഗഡുക്കളായി അടച്ചുതീർത്തുകൊള്ളണമെന്നും വിലയ്ക്കുകൊടുത്തതാണു് ഇങ്ങനെ ഭൂസ്വത്തു എല്ലാവർക്കും ഉണ്ടാകുവാൻ സംഗതിയായതു്.

ഡെൻമാർക്കിലെ കാർഷികപരിശ്രമങ്ങളിൽ അതിപ്രധാനമായ ഒന്നു ഏററവും ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങൾ അവിടെ നടപ്പിൽ വരുത്തിയിരിക്കുന്നു എന്നുള്ളതാണു. ഡൻമാക്കിലെ ജനങ്ങൾക്കു് ആവശ്യമുള്ള സാധനങ്ങളിൽ മിക്കവയും അവിടെത്തന്നെ കൃഷിചെയ്തുണ്ടാക്കുകയാണെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്.

ഡെൻമാർക്കിലെ ഏറ്റവും പ്രധാനമായ കർഷകസംഘം "റോയൽ അഗ്രികൾച്ചറൽ സൊസയിററി ഓഫ് ഡൻമാർക്ക്" ആണ്. രാജ്യത്തിന്റെ നാനാഭാഗങ്ങളിലായി ഈ സംഘത്തിനു 137 ശാഖകളാണുള്ളതു്. ഈ സംഘങ്ങളിലെല്ലാംകൂടി 1 ലക്ഷത്തി 3 ആയിരം പേർ അംഗങ്ങളായിട്ടുണ്ടു്. വേറൊരുതരത്തിൽ പറഞ്ഞാൽ രാജ്യത്തെ കർഷകരിൽ നേർപകുതിയും ഈ സംഘടനയിൽപെടുന്നു. ഈ സംഘത്തിൽനിന്നു കാർഷികവിഷയങ്ങളെ അധികരിച്ചുള്ള അറിവുകൾ ധാരാളമായി കർഷകർക്കു നിരന്തരം പ്രദാനം ചെയ്തുകൊണ്ടിരിക്കുന്നു. പത്രമാസികകൾ, ലഘുലേഖകൾ; സിനിമാ, പ്രക്ഷേപണി എന്നിവയാണു് ഇതിലേക്കു അവർ ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ. ഇനിയുള്ളതു് ചെറിയചെറിയ ഭൂസ്വത്തുടമസ്ഥന്മാരും താഴ്ന്നനിലകളിലുള്ളവരുമായ കർഷകരുടെ വകയായുള്ള ഏതാനും സംഘങ്ങളാണു്. ഈ മാതിരി 1250 ചെറുസംഘങ്ങളും അവയിലെല്ലാംകൂടി 81,300 അംഗങ്ങളുമുണ്ടു്. ഇവയ്ക്കും പുറമേ ധാരാളം കർഷകപരസ്പരസഹായസംഘങ്ങളും പ്രവൎത്തനം നടത്തിവരുന്നു. കാർഷികവിഭവങ്ങൾക്കു വിപണികൾ കണ്ടുപിടിച്ചു നല്ലവിലയ്ക്കു അവ വില്ക്കുക, കർഷകർക്കു ധനസഹായം ചെയ്യുക, കൂട്ടുകൃഷികൾ നടത്തുക മുതലായവയാണു് ഈ സംഘങ്ങളുടെ പ്രധാനകൎത്തവ്യങ്ങൾ. ഡെൻമാർക്കിലെ കർഷകൻ അവന്റെ ജോലികൾ ശരിയായി നടത്തുന്നു എന്നുള്ളതു ശരിയാണു്. ഗവർമ്മെണ്ടു് അവനെ പണംകൊണ്ടു് സഹായിക്കുകയും ചെയ്യുന്നുണ്ടു്. എന്നാൽ വാസ്തവത്തിൽ അവന്റെ പ്രയത്നത്തിനുതക്ക പ്രതിഫലം ഉണ്ടാക്കിക്കൊടുക്കുന്നതും അവന്റെ അഭിവൃദ്ധിയെ ത്വരിതപ്പെടുത്തുന്നതും പ്രസ്തുതകാർഷികസംഘടനകളുടെ സഹകരണത്തോടുകൂടിയാണു്. കർഷകർക്കുവേണ്ട നിയമനിർമ്മാണങ്ങൾപോലും നടക്കുന്നതെന്നു് പറയുമ്പോൾ, അവയ്ക്കു രാജ്യത്തു് എന്തുമാത്രം സ്ഥാനമുണ്ടെന്നുള്ളതു് ഊഹ്യമാണല്ലോ. ഏതെങ്കിലും കർഷകസംഘടനയിൽപെടാത്ത യാതൊരുകർഷകനും ഇന്നു ഡെൻമാർക്കിൽ ഇല്ലെന്നുള്ളതും സ്മരണീയമാണു്.

K. C. N. D.

സിലോണിന്റെ റബ്ബർകോട്ടാ.

സിലോൺകാർക്കു റബ്ബർ നിയന്ത്രണപദ്ധതിയനുസരിച്ചു അനുവദിച്ചിട്ടുള്ള കോട്ടാ അർഹിക്കുന്നതിൽ വളരെ കുറവാണെന്നു വലിയ പരാതി ഉണ്ടു്. ഈ പരാതിയുമായി സർവ്വരാജ്യറബ്ബർ റഗുലേഷൻ കമ്മററിയേ സമീപിക്കുവാൻ സിലോൺകാർ അവിടത്തെ റബ്ബർകൃഷിയും ഉൽപാദനവും സംബന്ധിച്ച സ്ഥിതിവിവരണക്കണക്കുകൾ തിടുക്കത്തിൽ തയാറാക്കിവരുന്നതായി അറിയുന്നു. ഇതുപോലെ ഇൻഡ്യയും ബർമ്മായും കൂടി വാദംപുറപ്പെടുവിച്ചതനുസരിച്ചാണു് 1935-ൽ അവരുടെ കോട്ടാ കൂട്ടി കൊടുത്തതു്. അതിനാൽ ഇപ്രാവശ്യം സിലോൺകാർക്കും കോട്ടാ

കൂട്ടികിട്ടുവാനെളുപ്പമുണ്ട്. ഇപ്പോഴത്തെ നിയന്ത്രണപദ്ധതി അടുത്തകൊല്ലമാണ് അവസാനിക്കുന്നതു്. ഈ പദ്ധതിയുടെ കാലാവധി കൂട്ടുന്നതിനെപ്പററി പര്യാലോചിക്കുവാൻ സർവരാജ്യകമ്മററിക്കാർ കൂടുന്നുണ്ട്. ആ യോഗത്തിലാണു സിലോൺ അവകാശവാദം പുറപ്പെടുവിക്കുവാൻ പോകുന്നതു്.

പുതിയതരം പാനീയങ്ങൾ.

കള്ളിൽ നിന്നും ലഘുവായ വീര്യമൊ ലഹരിയൊ മാത്രമുള്ള വീഞ്ഞും ബിയറും നിർമ്മിക്കുന്നതിൽ ഈ ആവിഷ്ക്കരണത്തിനു വളരെ പ്രധാനമായ ഒരു സ്ഥാനമുണ്ടെന്നുള്ളതു് തീർച്ചയാണ്. ഈ കണ്ടുപിടിത്തത്തിൻെറ ഉടമസ്ഥൻ സെൻറു പീറേറഴ്സ് കോളജിലെ സയൻസ് മാസ്റ്ററായ ഫാദർ തോമസ് പാരിസ് അവർകളാണ്.

കള്ളിൽ നിന്നും വളരെ ആദായകരമായി ത്രിവിധതരത്തിലുള്ള പാനീയം എടുക്കുവാൻ ഈ കണ്ടുപിടിത്തം മൂലം സാധിക്കുമെന്നാണ് ഫാദർ തോമ്മസിൻെറ പ്രതീക്ഷ. മധുരക്കള്ളിൽ നിന്നുള്ള ഒരു തരം വീഞ്ഞു് (ഇതിൽ മദ്യസാരം 4 ശതമാനമായിരിക്കും). കള്ളുപുളിപ്പിച്ചുള്ള ഒരു തരം ബീയർ (ഇതിൽ മദ്യസാരം 3 ശതമാനം) മൂത്ത കള്ളുകൊണ്ടുള്ള വേറൊരുതരം മദ്യം (ഇതിൽ മദ്യസാരം 6 ശതമാനം) ഇങ്ങനെയാണ് ആ മൂന്നു തരം കുടിസാധനങ്ങൾ.

നേന്ത്രപ്പഴത്തിൽ നിന്ന് വീഞ്ഞുണ്ടാക്കാമെന്നും ശാസ്ത്രീയഗവേഷണ ചതുരനായ ഫാദർ തോമ്മസ് പാരീസ് അഭിപ്രായപ്പെടുന്നു. ചക്കക്കുരുവിൽ നിന്നും ചക്കച്ചുളയിൽ നിന്നും അദ്ദേഹം ഒരു തരം പാനീയം എടുത്തിട്ടുണ്ട് എന്നുള്ളതും പ്രസ്താവാർഹമാണ്.

ചുങ്കംഇനത്തിലുള്ള വരവു്.

തിരുവിതാംകൂർ ഗവർമ്മെണ്ടിനു പുകയിലച്ചുങ്കമിനത്തിൽ ആറുലക്ഷം രൂപവീതം ഇൻഡ്യാഗവർമ്മെണ്ടും കൊച്ചിഗവർമ്മേണ്ടും തിരികെ കൊടുക്കുന്നതാണെന്നു ഒരു വാർത്ത ഇപ്പോൾ അസോസിയേററഡ് പ്രസ്സുകാർ പ്രചരിപ്പിച്ചിട്ടുണ്ട്. നമ്മുടെ ഗവർമ്മെണ്ടിനു ന്യായമായി കിട്ടേണ്ടതും കൊച്ചിത്തുറമുഖ ഉടമ്പടിയിൽ സഹകരിച്ചതു നിമിത്തം ഇൻഡ്യാ—കൊച്ചി ഗവർമ്മെണ്ടുകൾക്കു വീതം കൊടുക്കണമെന്നു വന്നു കൂടിയതുമായ ഒരു ഇനമാണ് പുകയിലച്ചുങ്കം. തിരുവിതാംകൂർ തുറമുഖങ്ങളിൽ നിന്നു ശേഖരിക്കുന്ന പുകയിലച്ചുങ്കം കൊച്ചിത്തുറമുഖം വരവിൽ ഉൾപ്പെടുത്തി മൂന്നുഗവർമ്മെണ്ടുകളുംകൂടി വിഭജിച്ചെടുക്കണമെന്നുള്ള വ്യവസ്ഥയെപ്പററി നമ്മുടെ ഗവർമ്മെണ്ടു ആക്ഷേപം പുറപ്പെടുവിക്കയുണ്ടായി. ഈ ആക്ഷേപം ന്യായയുക്തമാണെന്നു ഇൻഡ്യാഗവർമ്മെണ്ടിനു ബോധപ്പെട്ടതിൻെറ ഫലമായി പന്ത്രണ്ടുലക്ഷം രൂപ തിരികെക്കിട്ടാനും മേലാൽ പുകയിലച്ചുങ്കം തുറമുഖം മുതലെടുപ്പിൽ ഉൾപ്പെടാതിരിക്കാനും ഇടയായെന്നു പറഞ്ഞാൽ കഴിഞ്ഞു.

സഹകരണപരിശീലനക്ലാസ്.

കൊച്ചി പരസ്പരസഹായപ്രധാനകാൎയ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ ഇക്കൊല്ലവും തൃശ്ശിവപേരൂർ വിവേകോദയം ഗാൎൽസ് സ്കൂളിൽ വെച്ചു ഒരു സഹകരണ പരിശീലനക്ലാസ്സ് നടത്തുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. പാഠം മീനം 23-ാംതിയതി മുതൽ 6 ആഴ്ചത്തേക്ക് നില്ക്കുന്നതും ഞായറാഴ്ചയും ഗസററു ഒഴിവു ദിവസങ്ങളും ഒഴിച്ചു ദിവസേന കാലത്തു 8 മണിമുതൽ 10 മണിവരെയും വൈകുന്നേരം $3\frac{1}{2}$ മുതൽ $5\frac{1}{2}$ വരെയും നടത്തപ്പെടുന്നതുമാകുന്നു. പാഠ്യവിഷയത്തിൽ സഹകരണശാസ്ത്രവും വിവിധ സഹകരണപദ്ധതികളുടെ പ്രവൎത്തനവും, ഗ്രാമീണ ധനതന്ത്രവും, ബാങ്ക് വ്യാപാരചിട്ടകളും പ്രധാനമായിരിക്കുന്നതാകുന്നു. പ്രസംഗങ്ങൾ നടത്തുന്നതു പരസ്പരസഹായസംഘം രജിസ്ത്രാർ അവർകൾ അഥവാ അദ്ദേഹത്താൽ നിയമിക്കുന്ന മറെറാരാളും, പ്രധാന കാൎയ്യാലയം മാന്യകാൎയ്യദൎശി ഇ. ഗോപാലമേനോൻ ബി. ഏ. എൽ റി. അവർകളും ആയിരിക്കും. പ്രധാന കാൎയ്യാലയത്തോടൊ, സെൻട്രൽ ബാങ്കിനോടൊ, യൂണിയനോടൊ സംഘടിക്കപ്പെട്ടിട്ടുള്ള സംഘങ്ങളാൽ അയക്കപ്പെടുന്ന സകല വിദ്യാൎത്ഥികൾക്കും ഫീസ് ഒഴിവായിരിക്കും. മററു സകലരും അഡ്വാൻസായി അഞ്ചുറുപ്പിക ഫീസു കൊടുക്കണം. സ്ത്രീകൾക്കും പരിശീലനക്ലാസ്സിൽ ചേരാവുന്നതാണ്. പാഠാവസാനം ഡിപ്പാൎട്ടുമെണ്ടിൽ നിന്നു ഒരു പരിക്ഷ നടത്തുന്നതും വിജയികൾക്ക് സൎട്ടിഫിക്കററു കൊടുക്കുന്നതുമാകുന്നു.

ഇ. ഗോപാലമേനോൻ,

മാന്യകാൎയ്യദൎശി.

വിദേശവാൎത്താസംഗ്രഹം.

തീപിടുത്തംകൊണ്ടുമാത്രം ഇംഗ്ലണ്ടിൽ 9,7 5,850 പവൻ ഒരുവൎഷം നഷ്ടമുണ്ടായിട്ടുണ്ടത്രേ.

* * * *

ഉടമസ്ഥന്റെ നമ്പരും പേരുംവച്ചേ ഡെൻമാൎക്കിൽ കോഴിമുട്ട കമ്പോളസ്ഥലത്തു കൊണ്ടുപോകാവൂ എന്നും, കൊണ്ടുപോകുന്ന മുട്ടകളിൽ ഒന്നോ രണ്ടോ മുട്ടകൾ കേടുള്ളതാണെങ്കിൽ ഉടമസ്ഥനു പിഴയും മൂന്നോ നാലോ കേടുള്ളതാണെങ്കിൽ ഉടമസ്ഥനു കമ്പോളത്തിൽനിന്നും ബഹിഷ്കരണവും ലഭിക്കുന്നതാണ്.

* * * *

ജപ്പാനിൽ ഒരു ശിശു ജനിച്ചാലുടനെ ഒരു വൃക്ഷം നടണമെന്ന ചടങ്ങുള്ളതുകൊണ്ട് ആ വൃക്ഷം കുട്ടിയുടെ വിവാഹദിവസം മുറിച്ചു് അതുകൊണ്ട് പുതിയ ഗൃഹത്തിലേ ഏതെങ്കിലും സാമാനത്തിനു ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നു.

* * * *

ലക്സൻബൎഗ്ഗ്നഗരത്തിൽ വോട്ടുചെയ്യാത്തവർ ശിക്ഷാൎഹരാണു്.

* * * *

ഹെർട്ട്സ് എന്ന സ്ഥലത്തെ ഒരു കൃഷിക്കാരൻെറ കോഴി 7½ ഔൺസ് തൂക്കമുള്ള ഒരു വലിയ മുട്ടയുടെ ഉള്ളിൽ ശരിയായ വേറൊരു മുട്ടയോടുകൂടിയ ഒരു അത്ഭുതമുട്ടയിട്ടതായികാണുന്നു.

*　　　*　　　*　　　*

വ്യവസായത്തിൻെറ മുന്നണിയിൽനില്ക്കുന്ന രാജ്യം അമേരിക്കയാണെങ്കിലും വിദ്യാഭ്യാസത്തിനു അമേരിക്കയുടെ സ്ഥാനം ഒമ്പതാമത്തുമാത്രമാണു്.

*　　　*　　　*　　　*

മത്തി എന്ന മത്സ്യം വെള്ളത്തിൽ മണിക്കൂറിൽ ഇരുപത്തിഅഞ്ചുനാഴിക വേഗത്തിൽ സഞ്ചരിക്കുമത്രേ.

*　　　*　　　*　　　*

ഒരു ഇംഗ്ലീഷുകാരൻെറ സാധാരണയുള്ള ഭക്ഷണച്ചിലവു് ശരാശരി കൊല്ലത്തിൽ അറുപതിൽപരം പവൻ ആണു്.

*　　　*　　　*　　　*

ഉദയശങ്കറും സംഘവും ന്യൂയാക്കിൽനിന്നും നൎത്തനകലാപ്രദൎശനംകൊണ്ടു് ഒരു നല്ല സമ്പാദ്യം ഉണ്ടാക്കിവരുന്നതിനു പുറമേ ഭാരതീയനൎത്തനകലയ്ക്കു് വിദേശങ്ങളിൽ സല്പേരുണ്ടാക്കുന്നതിനും സാധിച്ചുവരുന്നു.

*　　　*　　　*　　　*

കേരളത്തിൽനിന്നും കയറ്റുമതിചെയ്യപ്പെടുന്ന തേങ്ങാപ്പിണ്ണാക്കു് വളരെ രുചികരമായ ബിസ്ക്കറ്റായി ഇവിടെ വീണ്ടും ഇറക്കുമതി ചെയ്യപ്പെടുമ്പോൾ പിണ്ണാക്കിൻെറ വിലയിൽ 98 ശതമാനം വിലവൎദ്ധന ബിസ്ക്കറ്റിനുണ്ടായിരിക്കുമെന്നറിയുന്നു.

ഭാരതവാൎത്താസംഗ്രഹം.

ഉപ്പുനികുതി 1 രൂ. 4 ണയിൽനിന്നും 1 രൂപായാക്കി ചുരുക്കുവാനുള്ള കാൺഗ്രസ്സ്കക്ഷിയുടെ ഭേദഗതി 53 പേർ എതിരായും 51 പേർ അനുകൂലമായും വോട്ടുചെയ്കയാൽ അസംബ്ളിയിൽ തള്ളിപ്പോയിരിക്കുന്നു.

*　　　*　　　*　　　*　　　*　　　*

ഇന്ത്യാഗവൎമ്മെൻറിൻെറ ധനകാൎയ്യമെംബർ സർ ജെയിംസ്ഗ്രിഗ്ഗ് അവതരിപ്പിച്ച ധനകാൎയ്യബില്ലു് സാമ്രാജ്യനിയമസഭായോഗത്തിൽ നാലുദിവസത്തെ വാദപ്രതിവാദത്തിനുശേഷം പാസ്സായിരിക്കുന്നു.

*　　　*　　　*　　　*　　　*　　　*

തിരുവിതാംകൂർ എക്കണോമിക്ക്ഡവലപ്പ്മെൻറ്ബോൎഡിൻെറ ഒരുയോഗം വനം കൺസർവേറ്റർ ആഫീസിൽവച്ചു കൂടി ഗൗരവാവഹമായ ചില ആലോചനകൾ നടത്തിയിരിക്കുന്നു.

*　　　*　　　*　　　*　　　*　　　*

അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മയെ സംബന്ധിച്ചു സകല കാര്യങ്ങളിലും ഗവർമ്മെൻറിനെ ഉപദേശിച്ചു പരിഹാരമുണ്ടാക്കത്തക്കവണ്ണം മദ്ധ്യസംസ്ഥാനഗവർമ്മെൻറ് 14 അംഗങ്ങൾ അടങ്ങിയ ഒരു കമ്മിററിയെ നിയമിച്ചു പ്രവൃത്തി ആരംഭിച്ചിരിക്കുന്നു. കമ്മിററിയുടെ അദ്ധ്യക്ഷൻ നാഗപുരി സർവ്വകലാശാലയുടെ വൈസ് ചാൻസിലർ ആയിരിക്കുന്നതും ആദ്യത്തെ ഐക്യസംസ്ഥാന തൊഴിലില്ലായ്മക്കമ്മിററിയുടെ ശുപാർശകളെ കുറിച്ചു് ഈ കമ്മിററി വേണ്ട ഉപദേശം നൽകുന്നതുമായിരിക്കും.

*   *   *   *   *   *

ബംഗാൾസംസ്ഥാന തൊഴിലാളികോൺഗ്രസ്സ് ഭാരവാഹികൾ കാൺഗ്രസ്സ് പ്രസിഡൻറ് ജവഹരിലാലിനും മററു നേതാക്കന്മാർക്കും വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ തൊഴിലാളികളുടേയും സപത്രൂപിച്ചുള്ള പണിമുടക്കത്തിനുള്ള ഭാവമാണു് ബംഗാൾ ചണമില്ലുതൊഴിലാളികളുടെ പണിമുടക്കത്തിൻെറ ലക്ഷണമെന്നു കാണിച്ചു കമ്പി അടിച്ചിരിക്കുന്നു.

*   *   *   *   *   *

മലബാർ ചേംബർ ഓഫ് കാമേഴ്സ്സിൽനിന്നും കോൺസ്സർവെൻസി ബോർഡിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ ഒററകൊട്ടിൻെറ കൂടുതൽനിമിത്തം സിന്ധ്യാസ്ററിംഷിപ്പ് കമ്പനിമാനേജർ മി. ദീക്ഷിത്തു് വിജയിആയിരിക്കുന്നു.

*   *   *   *   *   *

തിരുവിതാംകൂറിലെ അടുത്ത നിയമസമിതികളിൽ ഇൻഡ്യൻതോട്ടക്കാർക്കു കൂടി ഒരു പ്രതിനിധിയെ ഗവർമ്മെൻറു നോമിനേററു ചെയ്യുന്നതാണു്. ഈപ്രാവശ്യം നോമിനേഷൻ നൽകുവാൻ തീരുമാനിക്കുന്നതു് തിരഞ്ഞെടുപ്പുകാലം ആസന്നമായതുകൊണ്ടാണെന്നും അടുത്തപ്രാവശ്യം ഇൻഡ്യൻ പ്ലാൻേറഴ്സ് പ്രതിനിധിയും തിരഞ്ഞെടുക്കപ്പെടേണ്ടതായി വരുമെന്നുമാണറിയുന്നതു്.

*   *   *   *   *

തെക്കേഇന്ത്യയിലേയ്ക്കു തെങ്ങുരോഗനിവാരണവിദഗ്ദ്ധനായി നിയമിച്ച മി. കെ. പി. വി. മേനവൻ മദ്ധ്യതിരുവിതാംകൂറിൽ അദ്ദേഹത്തിൻെറ പ്രവൃത്തികൾ ആരംഭിച്ചിരിക്കുന്നു. മി. മേനവൻെറ ഹെഡ്ക്വാർട്ടേഴ്സ് കൊല്ലത്തായിരിക്കുന്നതും കായംകുളത്തു് ഒരു ഗവേഷണാലയം ഉണ്ടായിരിക്കുന്നതുമാണെന്നു് അറിയുന്നു.

*   *   *   *   *   *

സോയാപ്പയറു്, ടൊമാറേറാ മുതലായ സസ്യങ്ങൾ നൂതനമായി തിരുവിതാംകൂറിൽ കൃഷിആരംഭിക്കത്തക്കവണ്ണം കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും വിത്തുകൾ കൊടുത്തുംഉപദേശങ്ങൾ നൽകിയും വേണ്ട പ്രചരണജോലികൾ ആരംഭിച്ചിരിക്കുന്നു.

കൃഷിമത്സ്യവ്യവസായ ഡിപ്പാർട്ടുമെൻറ്, തിരുവിതാംകൂർ.

സോയാ പയറ്.

ചൈനാ, ജപ്പാൻ, മഞ്ചൂറിയാ എന്നിരാജ്യങ്ങളിൽ വളരെ പുരാതനമായി കൃഷിചെയ്തുവരുന്ന ഒരു വിളവാണ് സോയാപയറ്. ആഹാരവിഷയകമായി പല വിശിഷ്ടഗുണങ്ങൾ ഇതിനുള്ളതുകൊണ്ട് യൂറോപ്പ്, ആഫ്റിക്കാ, അമേരിക്കാ എന്നീ ഭൂഖണ്ഡങ്ങളിലും ഇപ്പോൾ ഇതു ധാരാളമായി കൃഷിചെയ്തുവരുന്നു. സോയാപയറിൽ 40 മുതൽ 42 ശതമാനംവരെപ്രോട്ടീഡുകളും 18 മുതൽ 20 വരെശതമാനം കൊഴുപ്പും 4 മുതൽ 5 വരെ ശതമാനം ലോഹാംശങ്ങളും ഉണ്ട്. ഇവയ്ക്കുപുറമെ ഏ. ബി. ഡി. എന്നീവിററാമിനുകളും ധാരാളമായി ഉണ്ട്. നമ്മുടെ നാട്ടിലെ മുഖ്യ ആഹാരസാധനമായനെല്ലരിയിൽ പ്രൊട്ടീഡു വളരെ കുറവാകയാൽ ഈ പോഷകാംശം നമുക്ക് വേണ്ടടത്തോളം ലഭിക്കുന്നില്ലെന്നും നമ്മുടെ ആഹാരം, ക്രമാനുപാതമല്ലന്നുമുള്ള വാസ്തവം സുവിദിതമാണല്ലോ. നെല്ലരിയിലെ ഈ കുറവിനെ പരിഹരിക്കുന്നതിനു നമ്മുടെ ആഹാരത്തിൽ സോയാപയറുകൊണ്ടുള്ള ഏതെങ്കിലും വിഭവംകൂടി ഉണ്ടായിരിക്കുന്നതു് നല്ലതാകുന്നു.

മനുഷ്യർക്ക് ഉത്തമമായ ഒരു ആഹാരസാധനമെന്നതിനുപുറമെ സോയാപയറ് മററുവിധത്തിലും പ്രയോജനകരമായ ഒരു വിളവാകുന്നു. ഈ പയറിൽനിന്നും ആട്ടി എടുക്കുന്ന എണ്ണ പല വ്യാവസായികാവശ്യങ്ങൾക്കും ഇപ്പോൾ ധാരാളമായി ഉപയോഗിച്ചുവരുന്നു.

സോയാ ചെടികളും, പയറ് എടുത്തിട്ടു ശേഷിക്കുന്ന ചവറ്, കൊഞ്ചിൽമുതലായവയും എണ്ണ എടുത്തശേഷമുള്ള പിണ്ണാക്കും കന്നുകാലികൾക്ക് വളരെ നല്ല തീററിസാധനങ്ങളാണ്. പയറുവർഗ്ഗത്തിൽപെട്ട മററുപല ചെടികളേയുംപോലെ വേരുകളിൽ ജീവിക്കുന്ന ചില ഇനം അണുക്കളുടെ സഹായത്താൽ അന്തരീക്ഷത്തിൽ നിന്നും പാക്യജനകമെടുത്തു് ശേഖരിക്കുന്നതിനുള്ള ശക്തി സോയാചെടികൾക്കും ഉള്ളതുകൊണ്ട് ഈ കൃഷി മണ്ണിൻെറ വീര്യത്തെ വർദ്ധിപ്പിക്കുന്നതിനും പ്രയോജനപ്പെടുന്നു. സോയാപയറ് വളന്നു പൂക്കാറാകുമ്പോൾ ഉഴുതു മറിച്ചു് പച്ചിലവളമായി മണ്ണിനോടു ചേക്കുന്നതു കൂടുതൽ പ്രയോജനകരമാണ്.

സാധാരണ കൃഷിചെയ്തുവരുന്ന സോയാപയറുകൾ പല ഇനങ്ങളാണ്. ഇവ തമ്മിൽ വിളവിൻെറ സ്വഭാവത്തിലും, വളർച്ചയ്ക്കു വേണ്ട കാലദൈർഘ്യത്തിലും സാരമായി വ്യത്യാസപ്പെട്ടിരിക്കുന്നു. ചില ഇനങ്ങൾ 4 മാസക്കാലത്തിനകം വിള വെട്ടക്കാവുന്നവയും മററു ചിലവ 5-ം 6-ം മാസത്തെ മൂപ്പുള്ളവയുമാണ്. പച്ചില വളത്തിനും, കന്നുകാലിതീററയ്ക്കുമായി കൃഷിചെയ്തുവരുന്നതു് ധാരാളമായി തഴച്ചു് വളന്നുവരുന്നതും എന്നാൽ കായ്പിടിത്തം കുറവായിട്ടുള്ളതും ആയ ഇനങ്ങൾ ആണ്.

മനുഷ്യാഹാരത്തിനും എണ്ണയ്ക്കുമായി കൃഷിചെയ്തുവരുന്ന ഇനങ്ങൾക്കു് ഇലതഴപ്പു് കുറവും എന്നാൽ കായ്പിടിത്തം കൂടിയും ഇരിക്കും.

സാമാന്യമായി നമ്മുടെ നാട്ടിലെ ഏതിനം മണ്ണിനും ഈ പയറു കൃഷിചെയ്യാവുന്നതാണു്. വെള്ളക്കെട്ടുള്ളതും അധികം നനവുള്ളതുമായ സ്ഥലങ്ങൾ ഈ കൃഷിക്കു് പററിയവയല്ലാ എന്നെ ഉള്ളു. എന്നാൽ കളിമണ്ണും മണലുംചേർന്ന ഭൂമിയാണു് ഏററവും യോജിച്ചതു്. കുറേശ നനയ്ക്കുന്നതിനു് സൌകര്യമുള്ളപക്ഷം വേനൽക്കാലങ്ങളിലും ഈ കൃഷിചെയ്യാം. സാധാരണയായി വർഷകാലാരംഭത്തിൽ കൃഷിയിറക്കുന്നതാണു് നല്ലതു്. മീനം, മേടം ഈ മാസങ്ങളിൽ ഉണ്ടാകുന്ന ആദ്യ മഴകഴിഞ്ഞാൽ ഉടൻ ഉഴുതോ കിളച്ചോ മണ്ണിളക്കി കട്ടപൊടിച്ചു് നിലം തയ്യാറാക്കണം. ആദ്യത്തെകൊല്ലം ഏക്കറൊന്നിനു് 600 റാത്തൽ വീതം കുമ്മായംകൂടി ചേർക്കുന്നതു് ആവശ്യമായിരിക്കും. പിന്നീടു് വിത്തിടുന്നതിനുമുമ്പായി രണ്ടോ മൂന്നോ ചാക്കു ചാരംമാത്രം വളമായി ചേർത്താൽ മതിയാകുന്നതാണു്. മഴ തുടങ്ങുന്നതോടുകൂടി 1½,2 അടി അകലത്തിൽ വരിവരിയായി ചെറിയ കുഴികൾ എടുത്തു് ഉദ്ദേശം 1½, 2, ഇഞ്ചു അകലത്തിൽ വിത്തിടണം. വിത്തിനുമുകളിൽ രണ്ടിഞ്ചിൽക്കൂടുതൽ മണ്ണുണ്ടായിരുന്നാൽ അവയ്ക്കു് കിളിർത്തുവരുവാൻ പ്രയാസമായിരിക്കും. ഏക്കറൊന്നിനു് പതിനഞ്ചു ഇരുപതു റാത്തൽ വിത്തു് മതിയാകുന്നതാണു്. വിതച്ചു ഒരാഴ്ചയ്ക്കകം വിത്തുകൾ മുളച്ചുവരും. ആദ്യത്തെ രണ്ടുമൂന്നു മാസക്കാലത്തിനകം ഒന്നോ രണ്ടോ പ്രാവശ്യം കള എടുക്കേണ്ടതാണു്. രണ്ടുമാസം കഴിയുമ്പോഴയ്ക്കു് ചെടികൾ വളർന്നു് തറ മിക്കവാറും മൂടുന്നതുകൊണ്ടു് പിന്നീടു് കളകളുടെ ശല്യം കുറഞ്ഞിരിക്കും. സാധാരണയായി വിതച്ചു് 4-6 മാസക്കാലത്തിനുള്ളിൽ വിളവെടുക്കാം. കായ്കൾ പാകമാകുന്നതോടുകൂടി ചെടികളുടെ ഇലകൾ മിക്കവാറും കൊഴിഞ്ഞുപോകുന്നു. അപ്പോൾ മുതിര, പയറു്, ഉഴുന്നു് മുതലായ വിളവുകൾ എടുക്കുന്നതുപോലെ ചെടികൾ ചുവടോടെ അറുത്തോ, പിഴുതെടുത്തോ, ഉണക്കി അടിച്ചു് പയറു എടുക്കുകയും, ചവറു, കോച്ചിൽ മുതലായവ മാററികളകയുംചെയ്യണം.

മൂപ്പുകൂടിയ ഇനങ്ങളിൽനിന്നും ഏക്കറൊന്നിനു് 1000 മുതൽ 1500 വരെ റാത്തൽ പയറുകിട്ടും. മൂപ്പുകുറഞ്ഞ ഇനങ്ങളിൽനിന്നു് 1000 റാത്തലിൽ കൂടുതൽ പയറു കിട്ടുകയില്ലാ.

കൃഷിയിൽ തല്പരരായ ജനങ്ങൾ സോയാപയർകൃഷി ഒന്നു പരീക്ഷിച്ചുനോക്കുന്നതു് അവർക്കും രാജ്യത്തിനും വളരെ ഉപകാരപ്രദമായിരിക്കും. എന്തെങ്കിലും കൂടുതൽ വിവരങ്ങൾ അറിയണമെന്നുള്ളവർ കൃഷിഡയറക്ടർ ആഫീസിലേയ്ക്കോ തങ്ങളുടെ അടുത്തുള്ള കൃഷിഇൻസ്പെക്ടർ ആഫീസിലേയ്ക്കോ എഴുതിചോദിച്ചാൽ വിവരങ്ങൾ അറിയിച്ചുകൊടുക്കുന്നതും പരീക്ഷാർത്ഥം കൃഷിചെയ്യുന്നതിനു് കുറെ വിത്തു സൌജന്യമായി കൊടുക്കുന്നതുമാണെന്നറിയുന്നു.

കാൎഷികവൃത്തിയുടെ പരാജയകാരണങ്ങളും പരിഹാരമാൎഗ്ഗങ്ങളും.

ശ്രീമതി ബി. പാറുക്കുട്ടിഅമ്മ അവർകൾ തിരുവിതാംകൂറിലെ കാൎഷികവൃത്തിയുടെ പരാജയകാരണങ്ങളും പരിഹാരമാൎഗ്ഗങ്ങളും എന്ന വിഷയത്തെപ്പററി കഴിഞ്ഞ ലക്കം മാസികയിലും ഈ ലക്കത്തിലുമായി പ്രസിദ്ധം ചെയ്തിട്ടുള്ള കാൎയ്യസാരസമ്പൂൎണ്ണമായ ലേഖനം ഇവിടുത്തെ കൃഷകർ, വ്യവസായതല്പരർ ആദിയായ സകല രാജ്യക്ഷേമകാംക്ഷികളുടേയും ഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണെന്നുള്ളതിനു സംശയമില്ല. ഇത്തരം വിഷയങ്ങളെപ്പററി ചിന്തിച്ചും, പഠിച്ചും സാമാന്യജനങ്ങൾക്കുപയോഗപ്രദങ്ങളായ ലേഖനങ്ങൾ എഴുതത്തക്ക എഴുത്തുകാർ ഇന്നു വളരെ ദുൎല്ലഭമാണെന്നു പറയുന്നതിൽ ആരുംതന്നെ പരിഭവിച്ചിട്ടു കാൎയ്യമില്ല. ചെറുകഥകളും കവിതകളും നേരംപോക്കുകളും എഴുതാവുന്ന സാഹിത്യരസികന്മാർ നമ്മുടെ നാട്ടിൽ വളരെ വൎദ്ധിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. അത്തരം ലേഖനങ്ങൾക്കു ഇന്നു ഒട്ടുംതന്നെ ക്ഷാമവുമില്ല. ഇക്കാലത്തു നാട്ടുകാരുടെ നന്മയെ ഉദ്ദേശിച്ചുമാത്രം വളരെ ക്ലേശങ്ങൾ സഹിച്ചു ഇതുപോലെ ഉപയോഗപ്രദമായ ഒരുലേഖനം കൃഷിവ്യവസായമാസികയ്ക്കു നല്കുവാൻ സന്മനസ്സുണ്ടായ ശ്രീമതി ബി. പാറുക്കുട്ടി അമ്മയേ കാർഷികവ്യവസായതല്പരർ ആകമാനം ഞങ്ങളോടൊപ്പം അനുമോദിക്കതന്നെ ചെയ്യുമെന്നു വിശ്വസിക്കുന്നു. കൃഷിക്കാൎക്കും വ്യവസായികൾക്കും ഇന്നു നേരിട്ടിട്ടുള്ള പല വിഷമതകളേയും അവകളെ പരിഹരിക്കാനുള്ള പല മാൎഗ്ഗങ്ങളേയുംലേഖനത്തിൽ കാൎയ്യകാരണസഹിതം ചൂണ്ടിക്കാണിക്കുന്നുണ്ടു്. "വെറുമൊരു സാമ്പത്തികസിദ്ധാന്തമെന്നതിൽ കവിഞ്ഞു് ആധുനികസാമ്പത്തികചരിത്രം ഈ തത്വത്തിനു വേണ്ടത്ര പ്രായോഗികോദാഹരണങ്ങൾ നൾകി"യിട്ടുതന്നെയാണു് കൃഷി, വാണിജ്യം, വ്യവസായം എന്ന ഓരോ പ്രത്യേകവിഷയങ്ങളേപ്പററിയും പ്രത്യേകം പ്രത്യേകം എടുത്തുപറഞ്ഞു് ഫലഭൂയിഷ്ഠവും പ്രകൃതിരമ്യവുമായതിരുവിതാംകൂറിൽവരുത്താവുന്നതായ ഗുണങ്ങളെപ്പററി ലേഖക സമൎത്ഥിക്കുന്നതു്. കർഷകന്റെ ആധുനികാവസ്ഥ, ഗുണബാഹുല്യത, ഗുണദാനശക്തി, ഭൂമിയുടെ അഭാവം, ഭൂസംഘടന, ഭൂസ്വത്തുജാമ്യബാങ്കുകൾ, ഗാർഹികവ്യവസായം, കാർഷികസഹകരണം, പ്രബോധനം, സംഘടന മുതലായി അത്യാവശ്യം അറിഞ്ഞിരിക്കേണ്ട സകലനിർദ്ദേശങ്ങളും സംക്ഷിപ്തരൂപത്തിൽ സൂചിപ്പിച്ചിട്ടുള്ളവ ഓരോന്നും പൊതുജനങ്ങളുടേയും ഗവണ്മെൻറിൻെറയും ഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടവകളാണു്.

പത്രാധിപക്കുറിപ്പുകൾ.

സഹകരണപരിശീലനം.

കൊച്ചീ പരസ്പരസഹായപ്രധാന കാര്യാലയത്തിന്റെ മേൽനോട്ടത്തിൽ ഒരു സഹകരണപരിശീലനക്ലാസ്സ് നടത്തുവാൻ തീർച്ചയാക്കിയിരിക്കുന്നു. തിരുവിതാംകൂറിലും കോവാപ്പറേറ്റിവ് ഡിപ്പാർട്ടുമെൻറിന്റെ ആഭിമുഖ്യത്തിൽ ഒരു സഹകരണ പരിശീലനക്ലാസ്സ് ഏർപ്പെടുത്തി സഹകരണശാസ്ത്രവും, വിവിധസഹകരണപദ്ധതികളുടെ പ്രവർത്തനവും, ഗ്രാമീണധനതന്ത്രവും, ബാങ്കിംഗ്, വ്യാപാരങ്ങൾ, ചിട്ടികൾ മുതലായ വിഷയങ്ങളെപ്പററി സഹകാരികളുടെ ഇടയിൽ വിദ്യാഭ്യാസം നൽകുന്നതു സമുചിതമായിരിക്കുമെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇവിടത്തെ പരസ്പരസഹായസംഘങ്ങൾകൊണ്ട് പറയത്തക്ക പ്രയോജനങ്ങൾ ഇതുവരെയായും സാമാന്യജനങ്ങൾക്കു ലഭ്യമാകാതിരിക്കുവാനുള്ള പ്രധാനകാരണം മേൽപറയപ്പെട്ട വിഷയങ്ങളെക്കുറിച്ചു സഹകാരികളുടെ ഇടയിലുള്ള അജ്ഞാനം ഒന്നുകൊണ്ടുമാത്രമായിരിക്കണം. ഇതിനെ പരിഹരിക്കുവാൻ ഈ സഹകരണക്ലാസ്സ് വളരെ പ്രയോജനപ്പെടുമെന്നാണു ഞങ്ങളുടെ വിചാരം. കൃഷി, കച്ചവടം, വ്യവസായം ഈ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവരുടെ ഇടയിലാണ് സഹകരണതത്വങ്ങളും സ്ഥാപനങ്ങളും പ്രചരിക്കേണ്ടതു്. കൃഷ്യോല്പന്നങ്ങളും വ്യവസായോല്പന്നങ്ങളും കച്ചവടക്കാരൻവഴി ആദായകരമാംവണ്ണം വിനിമയം ചെയ്യുന്നതിനു സഹകരണതത്വങ്ങൾ പരിശീലിച്ചിട്ടുള്ള സംഘങ്ങൾ ഉണ്ടാവാത്തിടത്തോളംകാലം പല പ്രതിബന്ധങ്ങളും ഉണ്ടാകാവുന്നതാണ്. ഇവിടത്തെ അസംസ്കൃതസാധനങ്ങളുടെ വിനിമയം ശരിയായവിധത്തിൽ നിർവ്വഹിക്കുന്നതിനു നാട്ടിൻപുറങ്ങളിലുള്ള കർഷകരുടെ ഇടയിലുള്ള സഹകരണസംഘങ്ങൾക്കു കഴിവുണ്ടാകാവുന്നതാണ്. കാലോചിതമായ കാർഷികവൃത്തികളിൽ കർഷകരെ പ്രോത്സാഹിപ്പിക്കാനും യഥാർത്ഥ സഹകാരികൾക്കു സാധിക്കും. പുതിയ തരത്തിലുള്ളതും ആദായപ്രദവുമായ പല കൃഷികളും തിരുവിതാംകൂറിൽ നടത്താമെന്നറിയപ്പെടുന്നവയെ നടപ്പാക്കുവാൻ പരിശീലനം ലഭിച്ചിട്ടുള്ള സഹകരണസംഘങ്ങൾക്കു വളരെ എളുപ്പമുണ്ട്.

ഗതാഗതസൗകര്യങ്ങൾ.

തിരുവിതാംകൂറിലെ കൃഷിക്കാരുടേയും വ്യവസായികളുടേയും കച്ചവടക്കാരുടേയും ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതു് അത്യന്താപേക്ഷിതമായിരിക്കുന്നു. ഉൾനാട്ടിലെ കർഷകർക്കു കാലാകാലത്തു കൃഷി നടത്തത്തക്കവിധത്തിൽ ജലംകിട്ടാത്തി

വിധത്തിൽ കൃഷിപ്രദേശങ്ങൾക്കു സമീപമുള്ള തോട്ടകൾ നാമാവശേഷമായിത്തീൎന്നിട്ടുള്ളതായ പരാതികൾ കേട്ടുതുടങ്ങിയിട്ടു വളരെ കാലങ്ങളായി. കാർഷികോല്പന്നങ്ങൾ കയററിഅയച്ചു് ശരിയായ കമ്പോളങ്ങളിൽനിന്നും ലാഭമെടുക്കുന്നതിനുള്ള സൗകര്യങ്ങളും ഈ തോട്ടുകളുടെ ശോച്യാവസ്ഥനിമിത്തം നിശ്ശേഷം തടയപ്പെട്ടിരിക്കയാണു്. കൃഷിക്കുവേണ്ട വളങ്ങൾകൊണ്ടുപോകുന്നതിനും തീരെ നിവൃത്തിയില്ലാത്ത പ്രദേശങ്ങൾ ധാരാളമുള്ളതായിട്ടാണറിയുന്നതു്. ഗ്രാമീണൎക്കു നേരിട്ടിട്ടുള്ള അത്യാവശ്യത്തിന്റെ കൂടുതൽകൊണ്ടു അവരുടെ പ്രയത്നഫലമായി ചില പ്രദേശങ്ങളിൽ അവരുതന്നെ റോഡുകൾ വെട്ടിച്ചിട്ടിട്ടു അവ എൻജനീയർ ഡിപ്പാർട്ടുമെൻറിൽനിന്നും ഏറെറടുത്തു ഗ്രാവൽചെയ്തു നന്നാക്കുവാൻ അപേക്ഷിച്ചിട്ടു പല വർഷങ്ങളായിട്ടും തീരുമാനമുണ്ടാകാതിരിക്കുന്നതായിട്ടാണറിയുന്നതു്. തിരുവിതാംകൂറിലെഗ്രാമീണൎക്കു അത്യന്താപേക്ഷിതമായിട്ടുള്ള റോഡുകളും തോട്ടുകളും നന്നാക്കിക്കൊടുക്കുന്നതിനു ഗവർമ്മെൻറു പ്രത്യേകം ശ്രദ്ധിച്ചെങ്കിൽ മാത്രമെ ഇവിടുത്തെ കൃഷിക്കും വ്യവസായത്തിനും വാണിജ്യത്തിനും വേണ്ട പുരോഗതിയുണ്ടാവുകയുള്ളു. ഈ അടുത്ത കാലങ്ങളിലായി അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതികോപത്താൽ തന്നെ കർഷകൎക്കു വലിയ നാശങ്ങൾ ഉണ്ടായിട്ടുണ്ടു്. അതിൻെറകൂടെ ജലദുർല്ലഭത്തേയും ജലപ്രളയത്തേയും കഴിയുംവിധം മനുഷ്യനാൽ തടയത്തക്കവണ്ണം ഉപയോഗപ്പെടുത്തിവന്നിരുന്നതായ വെള്ളച്ചാലുകളും തോട്ടുകളുംകൂടി ഉപയോഗശൂന്യമായാലത്തെ ഫലം എന്താണെന്നൂഹിക്കയാണുനല്ലതു്. ഈ തോട്ടുകളെല്ലാം നന്നാക്കുന്നതിനു ഗവർമ്മെൻറു ശ്രദ്ധിച്ചാൽ മരുഭൂമിയായി ഈ രാജ്യത്തു നിരുപയോഗപ്പെട്ടുകിടക്കുന്ന അനേകായിരംഏക്കർ സ്ഥലംകൂടി കൃഷിക്കുപയോഗപ്പെടുന്നതാണു്.

തിരുവനന്തപുരം ക്രയവിക്രയകാൎയ്യാലയം.

വിദേശങ്ങളിലും തിരുവിതാംകൂറിൽതന്നെ ആലപ്പുഴയും നടത്തിവരുന്ന ക്രയവിക്രയകാൎയ്യാലയത്തിൻെറ മാതിരിയിൽ 1935-ൽ തിരുവനന്തപുരത്തെ വാണിജ്യവ്യവസായതല്പരന്മാർചേൎന്നു് കമ്പനിനിയമപ്രകാരം രജിസ്റ്റർചെയ്തു് നടപ്പാക്കി ശൈശവാവസ്ഥയിൽമാത്രം എത്തിയിട്ടുള്ള തിരുവനന്തപുരം ക്രയവിക്രയകാൎയ്യാലയത്തിൻെറ കഴിഞ്ഞ ഒരുവർഷത്തെ ഭരണറിപ്പോർട്ടു് ഞങ്ങൾക്കയച്ചുതന്നിട്ടുള്ളതു് സന്തോഷപൂർവം കയ്പററിയിരിക്കുന്നു. വണിക്കുകളുടേയും വ്യവസായികളുടെയും താല്പൎയ്യങ്ങളെ സുരക്ഷിതമാക്കുന്നതിനു് ഇങ്ങിനെയുള്ള ഒരു പ്രസ്ഥാനം ഇവിടെയും അത്യന്താപേക്ഷിതമാണെന്നുള്ളതിനു സംശയമില്ല. റിപ്പോർട്ടിൽനിന്നും കഴിഞ്ഞ ഒരുവർഷം ഇതിൽ അറുപത്തിമൂന്നു് സാധാരണ മെമ്പറന്മാർ ചേൎന്നിട്ടുള്ളതായി കാണുന്നതു് സന്തോഷാവഹമാണു്. ഇതിൻെറ പ്രവൎത്തകസമിതിയിൽ കഴിഞ്ഞ

വർഷം പതിനഞ്ചു് അംഗങ്ങളാണു് തിരഞ്ഞെടുക്കപ്പെട്ടിരുന്നതു്. 1935-36-ൽ ബ്രോക്കേഴ്സായി ലൈസൻസെടുക്കപ്പെട്ടിരുന്നവർ ഇരുപത്തിഒന്നുപേരായിരുന്നതു് 1936-1937-ൽ പതിന്നാലുമാത്രമായി കുറയുവാനുള്ള സംഗതിയെന്താണെന്നുള്ളതു് തിരുവനന്തപുരം ക്രയവിക്രയകാര്യാലയത്തിന്റെ ഗാഢമായ അന്വേഷണത്തിനു് അർഹമായ ഒരു കാര്യമാണു്. ശൈശവാവസ്ഥയിൽ മാത്രം എത്തിയിട്ടുള്ള ഈ സ്ഥാപനത്തിൽ ആഡംബരപരമായി അധികച്ചിലവുകൾ ഉണ്ടാക്കാതെ ഏററവും മിതമായരീതിയിൽ ചിലവുകൾ വളരെ ചുരുക്കി അത്യാവശ്യത്തിനുമാത്രം വേണ്ട ഒരു അററൻഡറേയും, ഒരു ക്ലാർക്കിനേയും മാത്രമാണു് ജോലിക്കു വച്ചിട്ടുള്ളതു്. കഴിഞ്ഞ ഒരുവർഷം ഇരുപത്തിനാലു യോഗങ്ങൾകൂടി പല അത്യാവശ്യകാര്യങ്ങളെക്കുറിച്ചു പരിചിന്തനംചെയ്തവകളിൽ പ്രാധാന്യമുള്ള ഒരു വിഷയം ഋണനിവാരണബിൽ ഈ രീതിയിൽ പാസ്സാക്കിയതിനെപ്പററിയുള്ള ഒരു പ്രതിഷേധമായിരുന്നുവെന്നു റിപ്പോർട്ടുകൊണ്ടറിയുന്നു. ഉപ്പുപണ്ടകശാലകൾ തുറപ്പിക്കുക, വള്ളക്കടവിലേയ്ക്കു കമ്പിത്തപ്പീസു ഉണ്ടാക്കുക, സഭാപതി കോവിൽ തെരുവുവഴി കൊച്ചാർറോഡിലേക്കുള്ള റോഡു നന്നാക്കുക, ടഷറിയിൽ കച്ചവടക്കാർക്കു കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കുക, ഞായറാഴ്ചയും മററു് ഒഴിവുദിവസങ്ങളിലും ചവുക്കകളിൽ നിന്നും സാമാനങ്ങൾ എടുക്കുന്നതിനു സൗകര്യം ലഭിക്കുക മുതലായ മററു പ്രാദേശികാവശ്യങ്ങളെപ്പററിയും കൂടിആലോചിക്കുന്നതിനാണു് ഇത്രയും യോഗങ്ങൾ നടത്തപ്പെട്ടതു്. കഴിഞ്ഞ ഒരു വർഷം അംഗങ്ങളുടെ പ്രവേശനഫീസു് ഇനത്തിൽ 272 രൂപയും, വരിസംഖ്യയിനത്തിൽ 344 രൂപയും ബ്രോക്കേഴ്സിന്റെ ലൈസൻസുഫീസുവകയിൽ 390 രൂപയും മററിനങ്ങളിലായി 5 രൂ 14ണയുമായി ആകെ 1011 രൂപാ 14ണ ഈ സ്ഥാപനത്തിനു വരവുള്ളതായും, പല ഇനങ്ങളിലുള്ള ചിലവുകൾ കഴിച്ചു് 176 രൂപാ 3ണ 6 പൈ മിച്ചം ഇരിപ്പുള്ളതായിട്ടുമാണു 1936 ആഗസ്ററ് 17-ാംതീയതിയിലെ കണക്കുകൊണ്ടു അറിയപ്പെടുന്നതു്. ഈ ചുരുങ്ങിയ കാലം കൊണ്ടു് ഇത്ര വിജയകരമായ വിധത്തിൽ ഭരണനിർവഹണം നടത്തിയ പ്രവർത്തകന്മാരേയും വിശിഷ്യാസെക്രട്ടറി മി. ററി. മുത്തയ്യായേയും ഞങ്ങൾ ഹാർദ്ദമായി അഭിനന്ദിക്കുകയും അടുത്ത പ്രാവശ്യത്തെ റിപ്പോർട്ടു പൂർവ്വാധികം വിജയപ്രദമാക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

സ്വർണ്ണമുദ്ര സമ്മാനം.

നായന്മാർ കച്ചവടത്തിൽ പ്രവേശിക്കാതിരിക്കാനും അപൂർവ്വം ചിലർ പ്രവേശിച്ചിട്ടുണ്ടെങ്കിൽ അവരിൽ അധികം പേരും തോററുപോകാനും ഉള്ള കാരണവും കഴിയുന്നതും വേഗം നായരുടെ ഇടയിൽ ധാരാളം കച്ചവടക്കാരുണ്ടാകുന്നതിനും അവർ

വലിയകച്ചവടക്കാരായിത്തീരുന്നതിനും ഉള്ള മാൎഗ്ഗവും എന്താണെന്നു വിവരിച്ചെഴുതുന്ന ഉപന്യാസങ്ങളിൽ ഏറ്റവും നല്ലതിനു് അമ്പതു രൂപാ വിലയുള്ള ഒരു സ്വൎണ്ണമെഡൽ കൊല്ലത്തുവച്ചു കൂടുന്ന സമസ്തകേരളനായർ മഹാസമ്മേളന പ്രവൎത്തകസമിതി നിശ്ചയിക്കുന്ന കമ്മിററിയുടെ തീരുമാനമനുസരിച്ചു നൾകുവാൻ തിരുവനന്തപുരം ചാലയിൽ ജൗളി വ്യാപാരം ചെയ്യുന്ന മി. ആർ. ഗോവിന്ദപ്പിള്ള നിശ്ചയിച്ചിരിക്കുന്നതായറിയുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. സ്വസമുദായാംഗങ്ങളുടെ വാണിജ്യപരാജയത്തിൽ ഹൃദയവേദന തോന്നിയിട്ടുതന്നെ ആയിരിക്കണം മി. ഗോവിന്ദപ്പിള്ള കൊല്ലം നായർമഹാസമ്മേളനഭാരവാഹികൾമുഖേന ഇങ്ങിനെ ഒരു തീരുമാനത്തിനു പ്രേരിതനായതെന്നു ഞങ്ങൾ പൂൎണ്ണമായി വിശ്വസിക്കുന്നു. കച്ചവടത്തിലും വ്യവസായത്തിലും ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു സമുദായമാണു് നായർ സമുദായം. ചുരുക്കം ചിലർ ഇതിനു പുറപ്പെട്ടിരുന്നവൎക്കുതന്നെ പരാജയങ്ങളാണു് ഫലമുണ്ടായിട്ടുള്ളതെന്നുള്ളതും പരമാൎത്ഥമാണു്. ഇതിന്റെ യഥാൎത്ഥകാരണങ്ങൾ ബോദ്ധ്യമാക്കത്തക്ക ഒരു ഉപന്യാസം എഴുതുന്നതിലും എഴുതിക്കുന്നതിലും വളരെ പ്രയോജനങ്ങൾ നായർസമുദായത്തിനെന്നു മാത്രമല്ലാ, സകല സമുദായങ്ങൾക്കും ലബ്ധമാകുന്നതാണു്. സ്വപ്രയത്നത്താൽ ഒരു നല്ല ജൗളിവ്യാപാരിയായിത്തീൎന്ന മി. ആർ. ഗോവിന്ദപ്പിള്ളയുടെ വ്യാപാരനയംതന്നെ ഒരു ദൃഷ്ടാന്തമായ ഉപന്യാസമാകാവുന്നതാണെന്നാണു് ഞങ്ങളുടെ വിശ്വാസം.

കച്ചവടക്കാൎയ്യം.

ആലപ്പുഴ.

കൊച്ചിയിൽ വെളിച്ചെണ്ണ വില കണ്ടിക്കു് 119¼ ക-യും, 1, 2, 3 മാസത്തെ അവധിക്കു് 118½ ക-യും, പിണ്ണാക്കു് വില കണ്ടിക്കു 19ക-യുമാണേക്കം.

ഇവിടെ വെള്ളകൊപ്രാ കണ്ടിക്കു 77½ ക-വരെയും, വെട്ടുമേനി 75 ക-യും, മൂടപ്പടി 74 ക-യുമാണേക്കം.

കുരുമുളകു വില കണ്ടിക്കു് 103 ക-യും, ചുക്കു് 200 ക-യും, മഞ്ഞളിനു 37½ ക. വരെയുമാണേക്കം.

നെല്ലു് ചെമ്പാവു ചാക്കൊന്നിനു 4 ക. 2-ണയും. അരി 6 ക. 10 ണവരെയുമാണേക്കം.

പഞ്ചസാര പൊടി ചാക്കൊന്നിനു 11½ ക-യും, തരി കണ്ടിക്കു് 50 ക-യുമാണേക്കം.

വററൽമുളകു കണ്ടിക്കു് 135 ക-യുമാണേക്കം.